# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.14/2140 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.14/2140 /2022 തീയ്യതി: 17/02/2023

## തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2022 മുതൽ 08-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 09-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ പ്രവീൺ എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരികുമാർ.എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അശോക്.സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശരണ്യ.എസ്.എസ്. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിബു.എം.എസ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി അൻസി.എ.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| കുമാരി ശ്രീദേവി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |
| ഡോ.തങ്കമണി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. കൃഷ്ണദത്ത്.പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രുമീതി ബേനസീർ മീരാൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. അരുൺ നിഗ്ലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 &2 | 01-04-2021 | 31-03-2022 |
| ഡോ. രമ.എൽ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. ഹേമലത | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. നജ്മുദ്ദീൻ.എം. | എച്ച്.എം.- ഗവ. യു.പി.എസ്. കണിയാപുരം | 01-04-2021 | 31-03-2022 |
| ഡോ.ലിമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി. | 1-5-1 |
| 8 | സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി - തുടർനടപടി അനിവാര്യം | 1-5-2 |
| 9 | കാഷ് പരിശോധന | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പുപദ്ധതി | 1-8 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-8-1 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ | 1-10 |
| 15 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-11 |
| 16 | ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു. | 1-12 |
| 17 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത | 1-13 |
| 18 | തെരുവ് നായകൾ -പരിപാലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. | 1-14 |
| 19 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ | 1-15 |
| 20 | അണ്ടർക്കോണം ഗവ: എൽ .പി.എസ് പഴയ കെട്ടിടം പൊളിച്ചു നീക്കൽ - ലേലം കൊണ്ട വ്യക്തി സ്കൂളിൽ അനധികൃത ഖനനം നടത്തി | 1-16 |
| 21 | ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നില്ല | 1-17 |
| 22 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-18 |
| 23 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടില്ല. | 1-18-1 |
| 24 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് | 1-18-2 |

| | | |
|---|---|---|
| | രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | |
| 25 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻടി പൂർത്തീകരിച്ചിട്ടില്ല | 1-18-3 |
| 26 | കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു. | 1-18-4 |
| 27 | സഞ്ചയ സോഫ്റ്റ്വെയർ - തെറ്റായ വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യു | 1-18-5 |
| 28 | പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-18-6 |
| 29 | വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കിയതിൽ അപാകത | 1-18-7 |
| 30 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-18-8 |
| 31 | സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന് തെറ്റായി രേഖപ്പെടുത്തി ഇളവ് അനുവദിക്കുന്നു | 1-18-9 |
| 32 | ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണം നടത്തി | 1-18-10 |
| 33 | വെഡ്ഡിംഗ് മാൾ അനധികൃത നിർമ്മാണം - വസ്തു നികുതി നാളിതുവരെ നിർണയിച്ചില്ല. | 1-18-11 |
| 34 | അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല | 1-18-12 |
| 35 | രസീത് വിവരങ്ങൾ പ്രകാരം കെട്ടിട നമ്പർ പുതുക്കി നൽകിയതിൽ അപാകത | 1-18-13 |
| 36 | ചട്ടങ്ങൾ പാലിക്കാതെ ഫാം നിർമ്മാണം ക്രമവത്കരിച്ചു നൽകി | 1-18-14 |
| 37 | നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനിൽ തെറ്റായി രേഖപ്പെടുത്തി നിർമ്മാണം ക്രമവത്കരിച്ചു | 1-18-15 |
| 38 | കുടിശ്ശിക തുക ഈടാക്കാതെ കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ചു | 1-18-16 |
| 39 | പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല | 1-19 |
| 40 | തൊഴിൽ നികുതി പത്രിക സമർപ്പിച്ചിട്ടില്ല | 1-20 |
| 41 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ | 1-21 |
| 42 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുന്നില്ല | 1-22 |
| 43 | വാഹനം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-23 |
| 44 | തെരുവ് വിളക്കുകളുടെ പരിപാലനം . | 1-24 |
| 45 | തെരുവ് വിളക്ക് പരിപാലനം -ഉപകരണങ്ങൾ വാങ്ങൽ | 1-24-1 |
| 46 | പത്രത്തിൽ പരസ്യം നൽകിയപ്പോൾ ഡിസ്കൗണ്ട് കണക്കാക്കിയില്ല. | 1-25 |
| 47 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 1200000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-26 |
| 48 | യാത്രാബത്ത-ചട്ടങ്ങൾ പാലിച്ചില്ല. | 1-27 |
| 49 | ആംബുലൻസ് ഉപയോഗിക്കുന്നില്ല. | 1-28 |

| | | |
|---|---|---|
| 50 | ലൈഫ് ഭവന പദ്ധതി-അപാകങ്ങൾ | 1-29 |
| 51 | ഭവന പുനരുദ്ധാരണം-അപാകങ്ങൾ | 1-30 |
| 52 | സ്കൂളുകളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 1-31 |
| 53 | വയമ്പ് സമഗ്ര സാമൂഹ്യ വിദ്യാഭ്യാസ പരിപാടി - പദ്ധതിയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-32 |
| 54 | "ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി " - ക്രമ വിരുദ്ധമായി തുക വിതരണം ചെയ്തു | 1-33 |
| 55 | കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ | 1-34 |
| 56 | തരിശുനിലത്തിൽ കൃഷി | 1-34-1 |
| 57 | കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി | 1-34-2 |
| 58 | കർഷകർക്ക് വാഴത്തൈ, കുറ്റിക്കുരുമുളക് വിതരണം (ജനറൽ) | 1-34-3 |
| 59 | കാർഷിക പ്രോജക്ടുകൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല | 1-35 |
| 60 | "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ '' - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-36 |
| 61 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-37 |
| 62 | എം ബുക്കിലെ രേഖപ്പെടുത്തലുകൾ - കൃത്യത പാലിക്കണം | 1-38 |
| 63 | ആലുംമൂട് മാർക്കറ്റിൽ ടോയ് ലറ്റ് നിർമ്മാണം | 1-39 |
| 64 | ടേക്ക് എ ബ്രേക്ക് നിർമ്മാണം | 1-40 |
| 65 | ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തണം | 1-41 |
| 66 | ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-42 |
| 67 | ഗാർഹീക സംസ്കരണ സംവിധാനം-രേഖകൾ ലഭ്യമല്ല- 162000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. | 1-43 |
| 68 | വെള്ളക്കരം-ബില്ലുകളിൽ പൊരുത്തക്കേട് | 1-44 |
| 69 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി -പ്രവർത്തനം സജീവമല്ല | 1-45 |
| 70 | പാലിയേറ്റീവ് കെയർ വാഹന ഉപയോഗത്തിൽ കണ്ടെത്തിയ അപാകതകൾ | 1-46 |
| 71 | വാഹന വാടക - ആദായനികുതി ഈടാക്കിയിട്ടില്ല | 1-47 |
| 72 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ- 400000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. | 1-48 |
| 73 | പാഥേയം പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.-892800 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-49 |
| 74 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 650000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-50 |
| 75 | സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-51 |

| | | |
|---|---|---|
| 76 | അങ്കണവാടി പോഷകാഹാരം - മതിയായ ഫണ്ട് വകയിരുത്തുന്നില്ല | 1-52 |
| 77 | ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-53 |
| 78 | താത്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കണം. | 1-54 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 16.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 44,06,60,925/- രൂപയും, ചെലവ് 43,30,79,315/- രൂപയും നീക്കിയിരിപ്പ് 75,81,610/- രൂപയുമാണ്. പരിഷ്കരിച്ച ബജറ്റ് 29.03.2021-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 03.09.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/14.11.2022 ന് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷം വരെയുള്ള സ്റ്റോക്കുകളുടെ മൂല്യമാണ് വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാന്വൽ സ്റ്റോക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

2)2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP 40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 11 എണ്ണം)നീക്കിയിരിപ്പ് തുക 0 ആണ്. പ്രസ്തുത അക്കൗണ്ടുകൾ 2021-22 വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് RP-40(a) ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉപയോഗത്തിലില്ലാത്ത പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

3)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സാംഖ്യയിൽ നിലവിൽ പ്രസ്തുത ഷെഡ്യൂൾ ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

4)ജലജീവൻ മിഷൻ പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 03/22) 1837115/- രൂപ വികസന ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക മുൻകൂർ ഹെഡിലല്ല ചെലവ് ചെയ്തിട്ടുള്ളത്. ആയതിനാൽ ചെലവഴിക്കാത്ത തുക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല. നടപ്പുവർഷം പ്രസ്തുത അപാകത ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5)ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 807418/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. തൻവർഷം ലഭിച്ച തുക സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ചെലവഴിക്കുന്നതാണെന്നും മുൻ വർഷങ്ങളിലെ മറ്റ് തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

6)സഞ്ചയയിൽ ഒരേ സാമ്പത്തിക വർഷത്തെ ഡി.സി.ബി വ്യത്യസ്ഥ സമയങ്ങളിൽ വ്യത്യസ്ഥ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നു. Property Tax On Residential Building , Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ്(with LC) | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Resi -Current | 2722048 | 2722048 | 2438709 | 2476457 | 272043 | 285207 |

| | | | | | | |
|---|---|---|---|---|---|---|
| Property Tax On Non Resi-Current | 2830257 | 2830257 | 2626214 | 2615479 | 214245 | 221004 |

എ.എഫ്.എസ് തയ്യാറാക്കിയ സമയത്തെ സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള തുകയാണ് രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.

7)കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീ.01.09.2021 സർക്കുലർ നം.71/2021/ധന തീ. 03.09.2021പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രസ്തുത ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്ക് വരുത്തിയിട്ടില്ല. തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

8)SBI ഇ പേയ്മെന്റ് 32956439953 അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 31.03.2022 ലെ നീക്കിയിരിപ്പ് 2419125/- രൂപയാണ് . റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്ക് നീക്കിയിരിപ്പ് 2418320/- രൂപ എന്നാണ് രേഖപ്പെടുത്തൽ. മേൽ അക്കൗണ്ടിന്റെ പ്രതിമാസ റീ കൺസീലിയേഷൻ നടത്തിയിട്ടില്ല. 31.03.22 തീയതിയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് എടുത്തതിന് ശേഷം ബാങ്കിംഗ് സമയം കഴിഞ്ഞ് ക്രഡിറ്റായ തുക അക്കൗണ്ടിൽ വരവ് വന്നതിനാലാണ് മേൽ വ്യത്യാസം കാണപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്.

9)450210104 OLD VPFA A/C-(001) എന്ന അക്കൗണ്ടിൽ 71746/- രൂപ മുന്നിരിപ്പ് , നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് , സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ട്രഷറിയിൽ നിന്നും പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അക്കൗണ്ട് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

10)എം.എൻ.ആർ.ഇ.ജി എസ് ,ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ടുള്ള ചെലവ് 575.18 ലക്ഷം രൂപയാണ്(01.04.2022 ലെ സ്റ്റേറ്റ്മെന്റ്) . എന്നാൽ വാർഷികധനകാര്യ പത്രികയിൽ നേരിട്ടുള്ള ചെലവ് 57396396 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയപ്പോൾ ജനറേറ്റ് ചെയ്ത റിപ്പോർട്ട് പ്രകാരം തുക രേഖപ്പെടുത്തിയതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

11)ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക 1466667/-രൂപ മാത്രമാണ് . എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ തിരിച്ചടവ് (330500201 KURDFC ലോൺ ) 2904000/- രൂപയാണ്. സോഴ്സ് ഡിഡക്ഷനിൽ ഉൾപ്പെട്ട മുഴുവൻ തുകയ്ക്കും പ്രോജക്ട് തയ്യാറാക്കി എൻട്രി രേഖപ്പെടുത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.

12)440500101 Prepaid Program Expense ഹെഡ് പ്രകാരം ഹഡ്കോ ലോൺ ഇനത്തിൽ 2479944/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 980000/- രൂപ മാത്രമാണ് അനുവദിച്ച തുക. 1499944/- രൂപ മുൻ വർഷത്തിൽ അനുവദിച്ച തുകയ്ക്ക് ജേണൽ എൻട്രി രേഖപ്പെടുത്തി ക്രമീകരിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്.

13)2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം 330500201 Secured Loan KURDFC ലോൺ തുക 29152751 രൂപയാണ്. എന്നാൽ 440500101 Prepaid Program Expense പ്രകാരം 26461804/- രൂപ മാത്രമാണ് ലഭിച്ച തുകയിൽ നിന്നും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ലോൺ തുക പൂർണമായും വിതരണം ചെയ്തിട്ടില്ല എന്നും ലോൺ അക്കൗണ്ടിലെ പലിശ ഉൾപ്പെടയുള്ള തുകയാണ് 330500201 Secured Loan KURDFC എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നുമാണ് അറിയിച്ചത്. പലിശ ഉൾപ്പെടെയുള്ള തുക ബാലൻസ് ഷീറ്റിൽ Secured Loan KURDFC എന്ന ഹെഡിൽ ഉൾപ്പെടുത്തിയതിനാൽ യഥാർത്ഥ ലോൺ തിരിച്ചടവ് തുക പരിശോധിക്കാൻ സാധിച്ചിട്ടില്ല. പലിശ തുക പ്രത്യേകം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

14)ലൈഫ് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും വാർഷിക ധനകാര്യ പത്രിക പ്രകാരം 1780000/- രൂപ ചെലവഴിച്ചിട്ടുണ്ട്( Vr No.42100508 LIFE STATE SHARE EXP PROJ NO 54,56 &123) . എന്നാൽ സുലേഖ ചെലവ് പത്രികയിൽ ലൈഫ് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ 1680000/- രൂപയുടെ ചെലവ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. വെബ് സാധ്യ മുഖേന തനത് ഫണ്ട് രേഖപ്പെടുത്തിയത് സുലേഖയിൽ എൻട്രി രേഖപ്പെടുത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

15)എൻ.ആർ.ഇ.ജി എസ് ഓഫീസിന് മുൻകൂറായി നൽകിയ 30620 രൂപ Advance To Other Accredited Agencies 460500499 എന്ന ഹെഡിൽ മാറി ഉൾപ്പെടുത്തി ചെലവഴിച്ചു.

16)2015-16 വർഷത്തെ ബാലൻസ് ഷീറ്റ് മുതൽ ക്രമീകരിക്കാനുള്ള B-18 ഷെഡ്യൂൾ 460100105 Tour Travelling Allowance ൽ ഉൾപ്പെട്ട 5000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

17)2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ 460100101 , Festival Advance ഹെഡിൽ ഉൾപ്പെട്ട 12000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

18)തൊഴിൽ രഹിതവേതനം ഇനത്തിൽ 1200/- രൂപ 18.08.2021 ൽ അനുവദിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവ് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക വരും വർഷത്തിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

19)വസ്തു നികുതി ഇനത്തിലെയും ലൈബ്രറി സെസ് ഇനത്തിലെയും തുകകൾ Prior Period Item ൽ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം ഡിമാന്റ് തുക കറവ് ചെയ്തിട്ടുണ്ട്.

| Date | Code | Head | Type | V.No | Dr | Cr |
|---|---|---|---|---|---|---|
| 31-03-2022 | 431100102 | Receivables For Property Tax On Residential Buildings (Arrears) Narration - Demand Entry (Payee: ) | J | 42100488 | 7,346.00 | |
| 31-03-2022 | 431100104 | Receivables For Property Tax On Non-Residential Buildings (Arrears) Narration - Demand Entry (Payee: ) | J | 42100490 | | 223,257.00 |
| 31-03-2022 | 431910101 | State Govt. Cesses/ Levies In Property Taxes - Control Account Narration - (Payee: ) | J | 42100541 | 2,130.00 | |
| | | Closing Balance | | | | 213,781.00 |

സഞ്ചയയുമായി പൊരുത്തപ്പെടുത്തുന്നതിനാണ് ഇപ്രകാരം കുറവ് ചെയ്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

20)മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കഴക്കൂട്ടം സബ് ട്രഷറിയിലെ എസ്.റ്റി.എസ്.ബി അക്കൗണ്ടിന്റെ (നം.701051400000010) ട്രഷറിയിൽ നിന്നും ലഭിച്ച സ്റ്റേറ്റ് മെന്റ് പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് തുക 1705210/- രൂപയും ട്രഷറി ബിംസ് സ്റ്റേറ്റ് മെന്റ് പ്രകാരം 3759/- രൂപയും ട്രഷറിയിൽ നിന്നും ലഭിച്ച സ്റ്റേറ്റ് മെന്റ് പ്രകാരം 13641/- രൂപയുമാണ് . കൂടാതെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം 2019-20 വർഷത്തെ നീക്കിയിരിപ്പ് തുകയിൽ 1691569 രൂപയുടെ കറവ് രേഖപ്പെടുത്തിയിട്ടുള്ളത് Directly Debited By Bank എന്നാണ് (Treasury TSB വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.തീയതി.30.04.2019). മേൽ അപാകത നാളിതുവരെ പരിഹരിച്ചിട്ടില്ല. ട്രഷറിയിൽ കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

21)431400102 ഹെഡിൽ Rent Receivable From Building (Arrers) ഇനത്തിൽ 76299/- രൂപ ലഭിക്കാനുണ്ട്. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിന്റെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

22)വിവിധ ബാങ്ക് അക്കൗണ്ടുകളിൽ വിവിധ കാലയളവിൽ തുകകൾ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി CANARA BANK Cfc E Gram (2762101013052) അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരം 28.01.2022 മുതൽ 30.03.2022 വരെയുള്ള നീക്കിയിരിപ്പും IDIB BANK Suchitwa Mission Fund (0745104000104135) ബാങ്കിന്റെ 25.03.2022 മുതൽ 30.03.2022 വരെയുള്ള നീക്കിയിരിപ്പും നെഗറ്റീവ് അണ്(ക്രഡിറ്റ് ബാലൻസ്). ബാങ്ക് റീ കൺസീലിയേഷൻ നടത്താത്തിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകങ്ങൾ ആവർത്തിക്കാതരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം ഗ്രാന്റ് വിനിയോഗം താഴെപറയും വിധം ആണ്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15939557 | 15939557 | 17487500 | -1547943 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11768825 | 11768825 | 10099149 | 1669676 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 8528000 | 8528000 | 5843436 | 2684564 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4623798 | 4623798 | 3664954 | 958844 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5568037 | 5568037 | 4865446 | 702591 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6778722 | 6778722 | 4722131 | 2056591 |

A)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 15939557 | 15452833 | 486724 |
| | Grant Statement | 15939557 | 17487500 | |
| Development Fund (SCP) | ACR | 11768825 | 9791149 | 1977676 |
| | Grant Statement | 11768825 | 10099149 | |

സുലേഖ ചെലവ് പത്രികയിൽ Source Deduction ഉൾപ്പെടെയുള്ള തുകകൾ ഉൾപ്പെടുന്നുണ്ടെന്നും എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാന്റ് പത്രിക പ്രകാരം വികസനഫണ്ട് ജനറൽ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

A)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 11055885 | 5935922 | 53.69 |
| | പട്ടിക ജാതി | 550040 | 191000 | 34.72 |
| സേവനം | പൊതുവിഭാഗം | 76721019 | 32428337 | 42.27 |
| | പട്ടിക ജാതി | 28600920 | 12687674 | 44.36 |
| പശ്ചാത്തലം | പൊതുവിഭാഗം | 10807200 | 9170241 | 84.85 |
| | പട്ടിക ജാതി | 600000 | 570475 | 95.08 |

B)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700104&320700204 | ബ്ലോക്ക് പഞ്ചായത്ത് | 1798838 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 57830 |

C)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4440040 | 2235640 | 50.35 |
| കുട്ടികൾ | 670000 | 434734 | 64.89 |
| വൃദ്ധർ | 3774250 | 1159220 | 30.71 |
| ഭിന്നശേഷിയുള്ളവർ | 161800 | 0 | 0 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 1198402 | 500000 | 41.72 |
| പാലിയേറ്റീവ് കെയർ രോഗികൾ | 0 | 0 | 0 |

മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് എൻക്വയറി നം.21/14.11.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖപ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 5 | 5 | 0 | 100 | 4368155 | 1761512 | 40.33 |
| Ii | വെറ്റിനറി സർജൻ | 11 | 10 | 1 | 90.91 | 3805000 | 2290354 | 60.19 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 2 | 2 | 0 | 100 | 1871870 | 1871870 | 100 |
| Iv | മെഡിക്കൽ ഓഫീസർ - | 1 | 1 | 0 | 100 | 200000 | 200000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഹോമിയോ | | | | | | | |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 800000 | 800000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 7 | 6 | 1 | 85.71 | 39344800 | 8545000 | 21.72 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 5935000 | 5464264 | 92.07 |
| Viii | സെക്രട്ടറി | 33 | 24 | 9 | 72.73 | 18705217 | 12502730 | 66.84 |
| Ix | എച്ച്.എം. | 6 | 5 | 1 | 83.33 | 1271000 | 650218 | 51.16 |
| X | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 7 | 5 | 2 | 71.43 | 27076400 | 10967593 | 40.51 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 39 | 34 | 5 | 87.18 | 16922200 | 11781481 | 69.62 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 4 | 4 | 0 | 100 | 2242770 | 1760535 | 78.5 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1 | 87.5 | 5792652 | 2389194 | 41.25 |
| ആകെ | | 134 | 112 | 22 | 83.58 | 128335064 | 60984751 | 47.52 |

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1145100 | 74 |
| വിധവ പെൻഷൻ | 16937900 | 1175 |
| വാർദ്ധക്യകാലപെൻഷൻ | 36635200 | 2616 |
| വികലാംഗപെൻഷൻ | 5212200 | 341 |
| വിവാഹ ധനസഹായം | 450000 | 15 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 232900 | 16 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | സ്റ്റാറ്റസ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | 102690201289 | ആരിഫാബീവി | 28/11/2020 | വാർദ്ധക്യകാല പെൻഷൻ | 12/2020 മുതൽ 09/2022 വരെ | ആക്ടീവ് (കഠിനംകുളം ഗ്രാമ പഞ്ചായത്ത്.) | 34800 |
| 2 | 102690204855 | നബീസ ബീവി | 12/12/2020 | വാർദ്ധക്യകാല പെൻഷൻ | 01/2021 മുതൽ 09/2022 വരെ | ആക്ടീവ് (കഠിനംകുളം ഗ്രാമ പഞ്ചായത്ത്) | 33300 |
| 3 | 2220011605 | എ.ഷിഹാബുദ്ദീൻ | 31/01/2021 | കർഷക തൊഴിലാളി പെൻഷൻ | 02/2021 മുതൽ 09/2022 വരെ | ആക്ടീവ് | 31800 |
| 4 | 102720200149 | സരസ്വതിഅമ്മ എം | 04/04/21 | വാർദ്ധക്യകാല പെൻഷൻ | 09/22 | ആക്ടീവ് (പോത്തൻകോട് ഗ്രാമ പഞ്ചായത്ത്) | 1600 |
| 5 | 102680201014 | ശശി.സി | 09/08/2020 | വാർദ്ധക്യകാല പെൻഷൻ | 09/2020 മുതൽ 09/2022 വരെ | ആക്ടീവ് | 38900 |
| 6 | 102680202031 | ലൈല ജെ.എസ് | 03/05/2021 | വാർദ്ധക്യകാല പെൻഷൻ | 06/21 മുതൽ 09/21 വരെ | സസ്പെൻഡ് | 6400 |
| 7 | 102470101051 | പത്മാക്ഷി അമ്മ കെ | 27/04/2021 | വാർദ്ധക്യകാല പെൻഷൻ | 05/21 മുതൽ 09/21 വരെ | സസ്പെൻഡ് | 8000 |
| 8 | 102680202805 | പത്മിനി അമ്മ | 21/05/2021 | വാർദ്ധക്യകാല പെൻഷൻ | 06/21 മുതൽ 09/22 വരെ | ആക്ടീവ് | 34700 |
| 9 | 102680201034 | കൃഷ്ണമ്മ സി | 16/06/2021 | വാർദ്ധക്യകാല പെൻഷൻ | 07/21 മുതൽ 09/22 വരെ | ആക്ടീവ് | 24000 |
| 10 | 102680600471 | വനജാക്ഷി അമ്മ | 18/06/2021 | വിധവാ പെൻഷൻ | 07/21 മുതൽ 09/22 വരെ | ആക്ടീവ് | 9000 |
| 11 | 102690200375 | റഫീക്ക | 04/06/21 | വാർദ്ധക്യകാല പെൻഷൻ | 07/21 മുതൽ 09/22 വരെ | ആക്ടീവ് | 24000 |
| 12 | 102680200766 | സുന്ദരൻ ആചാരി | 19/05/2021 | വാർദ്ധക്യകാല പെൻഷൻ | 06/21 മുതൽ 09/22 വരെ | ആക്ടീവ് | 33200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 102680201750 | ഷാഹുൽ ഹമീദ് | 28/11/2021 | വാർദ്ധക്യകാല പെൻഷൻ | 12/21 മുതൽ 06/22 വരെ | സസ്പെൻഡ് | 11200 |
| 14 | 102680200706 | അലിയാരു കുഞ്ഞ് | 15/11/2021 | വാർദ്ധക്യകാല പെൻഷൻ | 12/21 മുതൽ 09/22 വരെ | ആക്ടീവ് | 16000 |

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും , മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുകയും ചെയ്യുന്നവരുടെ മരണ വിവരം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ അറിയിക്കുന്നില്ല. പട്ടികയിലെ ക്രമ നം. 2 , ശ്രീമതി നബീസാബീവിയുടെ മരണവിവരം കഠിനംകുളം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന വിവരം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും പ്രസ്തുത വ്യക്തിയുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആണ്. ക്രമ നം.4, ശ്രീമതി സരസ്വതി അമ്മ എം (പോത്തൻകോട് ഗ്രാമപഞ്ചായത്ത്) , 04/04/2021-ന് മരണപ്പെട്ടതിനാൽ 05/2021 മുതൽ 08/2022 വരെ പെൻഷൻ തുക കൈമാറിയിട്ടില്ലായെന്ന് സേവന സോഫ്റ്റ്‌വെയറിലുണ്ടെങ്കിലും 09/2022 -ന് പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 01/10.11.2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ മരണശേഷവും പെൻഷൻ നൽകി വരുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരിച്ചടക്കുന്നതിന് ബാങ്കുകളിലേയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പട്ടികയിലുള്ള മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുകയും അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ വച്ച് മരണപ്പെടുകയും ചെയ്തവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് അതാത് തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി - തുടർനടപടി അനിവാര്യം

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അതു പ്രകാരം അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ചന്ദ്രിക അമ്മ.കെ | 102680200338 | 72400 |
| 2 | തൽഹത്തുകോയ.എം | 102680201196 | 68800 |
| 3 | ഇന്ദിര അമ്മ | 102680201471 | 60400 |
| 4 | നബീസാബീവി | 102680201510 | 60400 |
| 5 | ഓമന അമ്മ.കെ | 102680202274 | 43600 |
| 6 | സുമംഗല ദേവി | 102680400018 | 131900 |

| | | | |
|---|---|---|---|
| 7 | ഉഷാകുമാരി.കെ | 102680600882 | 30200 |

തുക തിരികെ ഒടുക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/ 11.11.2022)യ്ക്ക് ക്രമ നം. 1, 4, 5,7 -ലെ വ്യക്തികൾക്ക് തുക തിരികെ അടവാക്കുന്നതിനായി കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നും ക്രമ നം. 2,6 -ലെ വ്യക്തികൾക്ക് തുക അടയ്ക്കാൻ നിർവാഹമില്ലായെന്ന് അറിയിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ക്രമ നം. 3 ശ്രീമതി ഇന്ദിരാമ്മ മരണപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-6 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022, 3.40.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 69595/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3)റിവ്യൂ മീറ്റിംഗുകൾ കൂടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

5) പൗരാവകാശ രേഖ 2021-22 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

7) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

10) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായും സർവ്വീസ് പെൻഷൻ ഉള്ളവർക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഇത്തരത്തിൽ അനർഹർക്ക് പെൻഷൻ തുക നൽകുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന നഷ്ടം ഗൗരവമായി കണ്ട് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

11)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്* | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2882 | 776122 | 779004 | 196046 | 582958 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 57515093 | 57515093 | 57515093 | 0 |
| ആകെ | 2882 | 58291215 | 58294097 | 57711139 | 582958 |

*ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം നേരിട്ടുള്ള ചെലവ് 575.18 ലക്ഷം (01.04.2022 തീയതി).

2021-22 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം -19 തീയതി 14.11.2022.)

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-5266<br>അംഗങ്ങൾ- 7478 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-2171<br>തൊഴിലാളികൾ-2382 |

| | |
|---|---|
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-2171<br>തൊഴിലാളികൾ-2382 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1307 |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | ഇല്ല |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 285 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 285 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 285 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 917 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 432 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 92 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 78.57 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 165070 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 48848921 |
| മെറ്റീരിയൽ കംബോണന്റ് | 6896473 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 1307 |
| 80-99 | 160 |
| 70-79 | 68 |
| 60-69 | 53 |
| 50-59 | 61 |
| 50 ൽ താഴെ | 452 |

## 1-8-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ താഴെപ്പറയുന്നു.

1. മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി, മറ്റ് കൃഷി ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാനായി ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ച് നൽകിയിട്ടുണ്ട്. സർക്കുലർ നമ്പർ 14829/DD2/09/LSGD/02.03.09 പ്രകാരം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ

ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.എന്നാൽ ടി കരാർ ഫയലിൽ ലഭ്യമല്ല.

2. വ്യക്തിഗത ആസ്തികളായ ആട്ടിൻകൂട്, കാലിതൊഴുത്ത്,കോഴിക്കൂട് എന്നിവ വിവിധ ഗുണഭോക്താക്കൾക്കായി നല്കിയിട്ടുണ്ട്. എന്നാൽ ഇവർ ആട്, പശു, കോഴി എന്നിവ വളർത്തുന്ന കർഷകരാണ് എന്നുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം, പ്രസ്തുത വ്യക്തിഗതആസ്തികൾ മൃഗങ്ങളുടെ പരിപാലനത്തിനായി തന്നെ ഉപയോഗിക്കും എന്ന് ഓരോ ഗുണഭോക്താവും സെക്രട്ടറിയുമായി ചമച്ച കരാർ എന്നിവ ഇല്ല.

3. എല്ലാ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങളിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

5. പല ഫയലുകളോടൊപ്പവും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. ആക്ഷൻ പ്ലാൻ ഹാജരാക്കിയിട്ടില്ല. കയർ ഭൂവസ്ത്രം ഉപയോഗിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

6.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ച് കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല.

8. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019 | 2018-19 | 24.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 | 2011-12 മുതൽ 2015-16 വരെ | 10.04.2017 |

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള ഓരോ വാർഡിലും ഉൾപ്പെടുന്ന വ്യാപാരസ്ഥാപനങ്ങൾ എത്രയെന്നും അവയിൽ എത്രയെണ്ണം ലൈസൻസ് എടുത്തിട്ടുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്നവ എത്രയെന്നും കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതാണെന്ന നിർദ്ദേശമുണ്ടായിട്ടും നിലവിലും വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ പുരയിടത്തിൽ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ

പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|---|
| 1 | 12/710 | സ്വീറ്റി ചക്രവർത്തി.എസ് | ഫിറ്റ്നസ് സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 5/84 | നാദിർഷാ ജെ.എസ് | മോഡേൺ മെറ്റൽ മാജിക് എഞ്ചിനീയറിങ് വർക്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 15/90 | ഡോ. വി. സുനിൽ കുമാർ.ആർ | ദേവകി ഹെർബൽസ് ( ആയുർവേദ മരുന്ന് നിർമ്മാണം) | 10 HP |
| 4 | 9/275 | ഷിയാസ്.പി | വെൽഡിംഗ് വർക്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 10/273,274 | സജീദ്.ഇ | അലൂമിനിയം ഫാബ്രിക്കേഷൻ, പി.വി.സി ഡോർ നിർമ്മിച്ച് വില്പന | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 11/148 | സിന്ധു ജോമി | ഒമേഗ എന്റർപ്രൈസസ് (വെളിച്ചെണ്ണ ആട്ടി വിൽക്കൽ) | 3HP |

3)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ വാർഡ് നമ്പർ 12-ൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2021-22വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 599,600,601,602 | ഷംല.ജെ | റോയൽ ബൊട്ടീക്ക് |
| 2 | 819 | സതീഷ്.പി | പ്രധാനമന്ത്രി ഭാരതീയ ജനഔഷധി കേന്ദ്രം |
| 3 | 156 | അൻസാരി എ | റോയൽ ഗിഫ്റ്റ് |
| 4 | 512 | മധു വി | മധുരം ഹൽവ |
| 5 | 395,396,397,398,399 | കെ.മൻസൂർ | കല്യാൺ ഫാബ്രിക്സ് |
| 6 | 381,382 | കെ.അൻവർ | ന്യൂ സുപ്രീം ടെക്സ്റ്റയിൽസ് |
| 7 | 349 | ഷിബിന എൻ | കിഡ്സ് ലാന്റ് |
| 8 | 17 | പൂജ ജെ | സന്ധ്യ ടെയിലേഴ്സ് |
| 9 | 312 | ഡോ.എ.അഫ്സാസ് | കോട്ടയ്ക്കൽ ആര്യവൈദ്യശാല |
| 10 | 540 | താഹ.എം | താഹ സ്റ്റോഴ്സ് |
| 11 | 184 | അബ്ദുൾ ഖലാം | നബീല ബേക്കറി |
| 12 | 574,575.576 | അഹിനാസ്.എം | ദിയ മൊബൈൽസ് ( ഹീറോ ഇരുചക്ര വാഹനവില്പന) |
| 13 | 276 | സുധീഷ് സുരേഷ് | എൽ മാർക്ക് സ്റ്റേഷനറി |
| 14 | 783 | സലിം ബാബു | സനം സെക്യൂരിറ്റി സർവീസസ് |
| 15 | 378 | നവാസ് മൌലവി | അജ്മീർ പർദ്ദ സെന്റർ |
| 16 | 606,607 | നവാസ് മൌലവി | മദീന പർദ്ദ പാലസ് ടെക്സ്റ്റയിൽസ് |
| 17 | 389 | എം. സിദ്ദിക്ക് | റിനാദ് ഒപ്റ്റിക്കൽസ് |
| 18 | 365 | അബ്ദുൾ ഹമീദ് | അമിക സ്റ്റേഷനറി |
| 19 | 364 | ലുബിന ഹമീദ് | ലേഡീസ് വിംഗ്സ് ടെക്സ്റ്റയിൽസ് |
| 20 | 569,570 | പി. ദിലീപ് കുമാർ | ഭാരത് സാനിറ്ററി & ഇലക്ട്രിക്കൽസ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 39/16.11.2022) യ്ക്ക് മറുപടിയായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, വൈദ്യുതി ഉപയോഗിച്ച് യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നുണ്ടെന്നും, ആയത് ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 -ൽ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിൽ ലൈസൻസ് പുതുക്കാത്തവയ്ക്ക് അറിയിപ്പ് നൽകി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ

ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 23/14.11.2022) മറുപടിയായി ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്) എ9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഡയറിഫാം | 8 |
| 2 | ഗോട്ട് ഫാം | 5 |
| 3 | ഇറച്ചിക്കോഴി | 12 |
| 4 | മുട്ടക്കോഴി | 5 |

മേൽ ഫാമുകൾക്ക് 2021-22 വർഷം ലൈവ് സ്റ്റോക്ക് ലൈസൻസ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 27/ 14.11.2022) മറുപടിയിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 740 വളർത്തു നായകളിൽ 270 എണ്ണത്തിന് ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തുനായകളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2021 -22 സാമ്പത്തിക വർഷം 24 നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 27/14.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-14 തെരുവ് നായകൾ -പരിപാലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വികസന രേഖ പ്രകാരം 740 നായകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. അതിൽ തെരുവ് നായകൾ 470 എണ്ണമാണുള്ളത്. എന്നാൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ തൻവർഷം തെരുവു നായ്ക്കളുടെ പരിപാലനത്തിന് പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ ABC പദ്ധതി നടപ്പിലാക്കിയിരുന്നത് ജില്ലാ കുടുംബശ്രീ മിഷൻ ആയിരുന്നു എന്നും, ബഹു.ഹൈക്കോടതിയുടെ WP(C)no.13204/2021 Dtd.19/7/21, സർക്കാർ ഉത്തരവ് നം.RC3/241/2021/LSGD Dtd.8/8/21 എന്നിവയുടെ അടിസ്ഥാനത്തിൽ, Animal Welfare Board ന്റെ അംഗീകാരം ഇല്ല എന്ന കാരണത്താൽ കുടുംബശ്രീ മിഷനെ, ABC പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് വിലക്കിയിട്ടുള്ളതായും,ഓഡിറ്റ് എൻക്വയറി നം.27 നുള്ള മറുപടിയിൽ വെറ്ററിനറി സർജ്ജൻ വ്യക്തമാക്കിയിട്ടുണ്ട്.

Animal Welfare Board ന്റെ അംഗീകാരത്തോടെ ABC പദ്ധതി നടപ്പിലാക്കുന്ന മറ്റ് സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാലാണ് ABC പദ്ധതിക്ക് തൻവർഷം തുക വകയിരുത്താത്തത് എന്നുംഓഡിറ്റ് എൻക്വയറി നം.27 ളള മറുപടിയിൽ വെറ്ററിനറി സർജ്ജൻ വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങളുടെയും മൃഗങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണവും പരിപാലനവും ഉറപ്പു വരുത്തുന്നതിനായി പരിപാലന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ

2021-22 വർഷത്തെ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം ആകെ 11 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. 2021-22 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ള ചുവടെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ഇല്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | സ്ഥാപനം |
|---|---|---|
| 1 | 9/262 | ലക്ഷ്മി ഡയഗ്നോസ്റ്റിക്സ് |
| 2 | 12/813 | എ.കെ. ഡെന്റൽ ക്ലിനിക് |
| 3 | 12/837 | മെഡ്കെയർ ലബോറട്ടറി |

മേൽ സ്ഥാപനങ്ങൾക്ക് 2021-22 വർഷം രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം അറിയിക്കുന്നതോടൊപ്പം സഞ്ചയയിൽ ഹോസ്പിറ്റലുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോയെന്ന വിവരം കൂടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 40/16.11.2022 ) നൽകിയിരുന്നു.

| ക്രമ നം. | ബിൽഡിംഗ് ഐഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | മേൽവിലാസം |
|---|---|---|---|---|
| 1 | 50268010007105 | 5/134/ | ഷാജഹാൻ | എം.എ.മൻസിൽ |
| 2 | 50268010007160 | 5/165/ | ഡോ.സാദിക് ,ജാസ്മിൻ സാദിക്ക് | ചിറയ്ക്കകത്തു ഹൌസ് |
| 3 | 50268010007162 | 5/166/ | ഡോ.സാദിക് ,ജാസ്മിൻ സാദിക്ക് | ചിറയ്ക്കകത്തു ഹൌസ് |
| 4 | 50268010010791 | 11/596/ | ഡോ അബ്ദുൾ സലാം, സഫിയാ ബീവി | ഷിഫ മെഡിക്കൽ സെന്റർ |
| 5 | 50268010004898 | 12/139/ | ഹെൽത്ത് സെന്റർ | ----------- |
| 6 | 50268010004901 | 12/142/ | ഹെൽത്ത് സെന്റർ | --------- |
| 7 | 50268010005092 | 12/208/ | ജറീന ബീഗം | എസ്.ജെ.മൻസിൽ |
| 8 | 50268010011616 | 12/813/ | ബുഷ്റ ബീവി, മുജീബ് ഫസിലുദ്ദീൻ | എസ്.എസ്.അവന്യൂ |
| 9 | 50268010013231 | 14/278/A | സുബൈർ കുഞ്ഞ് | പുത്തൻ ബംഗ്ലാവ് |
| 10 | 50268010007271 | 18/267/ | ഹോമിയോ ഹോസ്പിറ്റൽ | --- |

മേൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോയെന്നുള്ളത് അന്വേഷണ വിധേയമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ആശുപത്രികളോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളോ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 അണ്ടൂർക്കോണം ഗവ: എൽ .പി.എസ് പഴയ കെട്ടിടം പൊളിച്ചു നീക്കൽ - ലേലം കൊണ്ട വ്യക്തി സ്കൂളിൽ അനധികൃത ഖനനം നടത്തി

അണ്ടൂർക്കോണം ഗവ എൽ.പി.എസ് -ലെ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം പൊളിച്ചു നീക്കുന്നത് സംബന്ധിച്ച പണികൾ 21/03/2022 -ന് നടന്ന പൊതുലേലത്തിലൂടെ ശ്രീ. നസീമുദ്ദീൻ, ഷമീൻ മൻസിൽ എന്നയാൾക്ക് 2,99,500/- രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിരുന്നു. രസീത് നം. 1210105504 തീയതി 21.03.2022 പ്രകാരം 1,18,000/- രൂപയും രസീത് നം. 1220100655 തീയതി 05.05.2022 പ്രകാരം 235607/- രൂപയും ചേർത്ത് ആകെ 353607/- രൂപ ( 18 % ജി.എസ്.ടി ഉൾപ്പെടെ) ലേല തുക ഒടുക്കിയതിനാൽ 400241/GAAP01/GPO/2022/1389/(2) തീയതി 05.05.2022 ഉത്തരവ് പ്രകാരം ലേലം ഉറപ്പിച്ച് എഗ്രിമെന്റിൽ ഒപ്പ് വയ്ക്കാൻ ഉത്തരവായിരുന്നു. കെട്ടിടം പൊളിച്ചു നീക്കുമ്പോൾ ഉണ്ടാകുന്ന കെട്ടിട

അവശിഷ്ടങ്ങൾ ലേലം കൈകൊണ്ട വ്യക്തിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിലും ചുമതലയിലും സ്കൂൾ പരിസരത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണെന്നും പ്രസ്തുത പ്രവൃത്തികൾ ടി സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെയും, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെയും മേൽനോട്ടത്തിൽ 30 ദിവസത്തിനകം പൂർത്തീകരിച്ച് സെക്രട്ടറിയെ ബോധ്യപ്പെടുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലേലം കൊണ്ട വ്യക്തി അനധികൃതമായി മണ്ണ് ഖനനം നടത്തിയെന്ന ഫോൺ മുഖേനയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അനധികൃത ഖനനം മൂലം പഞ്ചായത്തിന് ഉണ്ടായ നഷ്ടം വിലയിരുത്തി നൽകുവാൻ 10.06.2022-ലെ 400241/GAAP01/GPO/2022/1389/(2) കത്ത് പ്രകാരം അസി.എഞ്ചിനീയറെ അറിയിച്ചിരുന്നു. ഇതിനെ തുടർന്നുള്ള സ്ഥല പരിശോധനയിൽ പൊളിച്ച് നീക്കപ്പെട്ട കെട്ടിട ഭാഗ തറയിൽ നിന്ന് മണ്ണ് നീക്കം ചെയ്തതായി മനസ്സിലായിട്ടുണ്ടെന്നും നീക്കം ചെയ്ത മണ്ണിന്റെ അളവും തുകയും ജി.എസ്.ടി ഇല്ലാതെ 104735.61/- രൂപയാണെന്നും 13.06.2022 -ലെ 13/AE/LID&EW/ANDKM/22- 23 നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ലേലം കൊണ്ട വ്യക്തിക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

കെട്ടിടം പൊളിച്ച നീക്കുമ്പോൾ ഉണ്ടാകുന്ന കെട്ടിട അവശിഷ്ടങ്ങൾ ലേലം കൈകൊണ്ട വ്യക്തിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിലും ചുമതലയിലും സ്കൂൾ പരിസരത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണെന്നും പ്രസ്തുത പ്രവൃത്തികൾ ടി സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെയും, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെയും മേൽനോട്ടത്തിൽ 30 ദിവസത്തിനകം പൂർത്തീകരിച്ച് സെക്രട്ടറിയെ ബോധ്യപ്പെടുത്തേണ്ടതാണെന്നും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ മേൽ അപാകത സംഭവിക്കാനിടയായ സാഹചര്യം വ്യക്തമാക്കുവാനും പ്രസ്തുത തുക ലേലം കൊണ്ട വ്യക്തിയിൽ നിന്നും തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം കൊണ്ട വ്യക്തിയിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടത്തുക പ്രസ്തുത പ്രവൃത്തിയുടെ ഉത്തരവാദിത്തം ഏല്പിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-17 ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നില്ല

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനത്തിനായി ബൈലോ തയ്യാറാക്കിയിട്ടില്ല. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നില്ല. ലൈബ്രറിയുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും വിശദാംശവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറിയുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നതിനായി ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതുമാണ്.

## 1-18 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-18-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 12 മുതൽ 18 വരെയുള്ള വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 12/476 | സജി | പാർപ്പിടം | 81 M2 |
| 2 | 12/643 | സബീന | പാർപ്പിടം | 69 M2 |
| 3 | 18/95 | സീനത്ത് ബീവി | പാർപ്പിടം | 68 M2 |
| 4 | 16/107 | ഷാഹുൽ | പാർപ്പിടം | 69 M2 |
| 5 | 15/327 | അനിൽകുമാർ | പാർപ്പിടം | 70 M2 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 31/15.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-2 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പതിനെട്ടാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing Door No. From | Missing Door No.Missing To | Total Missing Building | Missing Door No. From | Missing Door No.Missing To | Total Missing Building |
|---|---|---|---|---|---|
| 20 | 20 | 1 | 361 | 361 | 1 |
| 81 | 81 | 1 | 378 | 378 | 1 |
| 114 | 115 | 2 | 385 | 385 | 1 |
| 123 | 123 | 1 | 414 | 414 | 1 |
| 136 | 136 | 1 | 436 | 436 | 1 |
| 205 | 205 | 1 | 461 | 461 | 1 |
| 215 | 215 | 1 | 498 | 498 | 1 |
| 236 | 236 | 1 | 507 | 507 | 1 |
| 262 | 262 | 1 | 509 | 509 | 1 |
| 290 | 290 | 1 | 512 | 513 | 2 |
| 328 | 328 | 1 | 518 | 518 | 1 |
| 330 | 330 | 1 | 535 | 535 | 1 |
| 337 | 337 | 1 | 571 | 577 | 7 |
| | | | Grand Total | | 34 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 58/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-3 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ ഫാറം 6 നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| BuildingID | Ward-year | Ward-Number | Wardname-English | Doornumber | Doornumber-Sub | Ownername | Base-Filestatus |
|---|---|---|---|---|---|---|---|
| 50268010000008 | 2013 | 4 | THIRUVELLOOR | 8 | | AMBIKADEVI | DE Ongoing |
| 50268010007570 | 2013 | 5 | ANDOORKONAM | 239 | - | VASANTHA | DE Ongoing |
| 50268010011800 | 2013 | 8 | Pachira | 538 | | RAMESAN. G | DE Ongoing |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 33/15.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ ഫാറം 6 പ്രകാരമുള്ള വസ്തു നികുതി നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-4 കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 50/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 8/731 | ഹാജിറാബീവി, മരങ്ങവിളവീട്,പള്ളിപ്പുറം | ഷോപ്പ് | 168 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 50 | 60 |
| അടിസ്ഥാന വസ്തു നികുതി രൂപ | 8400 | 10080 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകള് | | |
| (എ .)മേഖല (തുക) | 840 | 1008 |
| (ബി. )വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. )മേൽക്കൂര (തുക) | 840 | 1008 |
| (ഡി. )കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| (ഇ. )ആകെ ഇളവ്(%) | 20 | 20 |

| | | |
|---|---|---|
| (എഫ്. )ആകെ ഇളവ്(തുക) | 1680 | 2016 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | ഇല്ല | ഇല്ല |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 6720.00 | 8064 |
| ലൈബ്രറി സെസ്സ് (തുക) | 336.00 | 404 |
| സർവ്വീസ് ചാർജ്ജ് (തുക) | 0.00 | 0.00 |
| സർചാർജ്ജ് 1 (തുക) | 0.00 | 0.00 |
| സർചാർജ്ജ് 2 (തുക) | 0.00 | 0.00 |
| ആകെ (തുക) | 7056.00 | 8468.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 61/17.11.2022 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-5 സഞ്ചയ സോഫ്റ്റ്‌വെയർ - തെറ്റായ വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പ്രകാരമുള്ള വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. 60 ച.മീറ്ററിൽ കുറവ് വിസ്തീർണമുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പ്രസ്തുത റിപ്പോർട്ടിൽ യഥാർത്ഥ വിസ്തീർണത്തിന്റെ ഇരട്ടിയായും 3 ഇരട്ടിയായും കാണപ്പെടുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| WardNO | DoorNo | SubNo | OwnerName | അസസ്മെന്റ് രജിസ്റ്ററിലെ വിസ്തീർണം(ച.മീ) | കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15) പ്രകാരമുള്ള വിസ്തീർണം(ച.മീ) |
|---|---|---|---|---|---|
| 4 | 558 | | SURESH KUMARI.B | 55 | 165 |
| 9 | 550 | | RADHA | 54 | 162 |
| 1 | 232 | | ANITHA.R | 52.32 | 156.96 |
| 10 | 749 | | RAJAMMA | 42.56 | 127.68 |
| 2 | 478 | | DASAN,DAISY | 60 | 120 |
| 4 | 372 | | SANJAY.P | 60 | 120 |
| 15 | 436 | | SREEKALADEVI | 60 | 120 |
| 17 | 387 | | MAYA. S | 57 | 114 |
| 17 | 343 | | BABU. K | 55 | 110 |
| 10 | 384 | | DILEEP.S | 55 | 110 |
| 7 | 450 | | SIVA.B | 55 | 110 |

| | | | | | |
|---|---|---|---|---|---|
| 16 | 427 | | SULOCHANA | 46 | 92 |
| 17 | 215 | | RAJILA BEEVI | 45 | 90 |
| 1 | 272 | | BINU,REJANI | 43.75 | 87.5 |
| 18 | 223 | | G.CHANDRAN | 42 | 84 |
| 17 | 456 | | SHEEBA | 40.92 | 81.84 |
| 5 | 635 | | Saboora | 40.24 | 80.48 |
| 17 | 415 | | SUKUMARAN NAIR | 40 | 80 |
| 13 | 261 | | SATHYAN | 35 | 70 |
| 3 | 742 | | SUNI | 34.2 | 68.4 |
| 8 | 662 | A | SUJA S | 30.23 | 60.45 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 57/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ ഐ.കെ.എം. മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18-6 പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പൊളിച്ചുനീക്കിയ അർദ്ധവർഷം വരെയുള്ള നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | A3/3111/21 /29.03.2021 | 10/784 | രാജു സി.സി | വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 120.18 M2 | 2019 ഒന്നാം അർദ്ധവർഷം മുതൽ | 2527 |
| 2 | A3/3111/21 /31.03.2021 | 10/359 | സജി.പി.എ | വാണിജ്യാവശ്യത്തിനുള്ളവ | 48 M2 | 2019 ഒന്നാം അർദ്ധവർഷം മുതൽ | 681 |
| 3 | B5-2705/21 /31.03.2021 | 16/561 | അബ്ദുൾ വാഹീദ് | വാണിജ്യാവശ്യത്തിനുള്ളവ | 4.76 M2 | 2018 ഒന്നാം അർദ്ധവർഷം മുതൽ | 539 |
| 4 | A3/3111/21 /29.03.2021 | 10/826 | മുഹമ്മദ് ഫാത്തിമ | വാണിജ്യാവശ്യത്തിനുള്ളവ | 56.58 M2 | 2020 ഒന്നാം അർദ്ധവർഷം മുതൽ | 2675 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ അപേക്ഷകളും ,ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 30/15.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-7 വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരമുള്ള ഇളവ് കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 14/361 | തുളസീധരൻ നായർ,കോണത്ത് വീട് |
| | 14/821 | |
| 2 | 10/594 A | അമ്പിളി വിജയചന്ദ്രൻ, കീട്ടാറവിളാകം |
| | 10/804 | |
| 3 | 7/92 A | ഷഹ്ബാനത്ത്, ഫിദ ഫാത്തിമ മൻസിൽ |
| | 7/530 | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം കെട്ടിട ഉടമ സമർപ്പിച്ചിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ 10 വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl NO | WardNO | WardName | DoorNo | SubNo | OwnerName |
|---|---|---|---|---|---|
| 1 | 7 | പറമ്പിൽപ്പാലം | 239 | A | ALFA A L |
| 2 | 1 | കരിച്ചാറ | 348 | B | ANIRUDHAN,SUNITHA |
| 3 | 5 | അണ്ടൂർക്കോണം | 482 | A | ASEENA |
| 4 | 6 | കീഴാവൂർ | 114 | | B.VIJAYAKUMAR |
| 5 | 8 | പാച്ചിറ | 385 | A | BABY M |
| 6 | 10 | കുന്നിനകം | 384 | | DILEEP.S |
| 7 | 6 | കീഴാവൂർ | 370 | A | INDIRA B |
| 8 | 4 | തിരുവെള്ളൂർ | 545 | A | JIJI MATHEW |
| 9 | 2 | വെള്ളൂർ | 383 | A | K GIRIJA |
| 10 | 6 | കീഴാവൂർ | 361 | A | Krishnamma |
| 11 | 10 | കുന്നിനകം | 610 | A | LAILA BEEVI S |
| 12 | 4 | തിരുവെള്ളൂർ | 574 | | MUHAMMAD SHERIF |
| 13 | 5 | അണ്ടൂർക്കോണം | 729 | B | NUSRATH BEEGOM M |
| 14 | 1 | കരിച്ചാറ | 266 | A | PRATHEEP KUMAR C |
| 15 | 6 | കീഴാവൂർ | 295 | B | RAMESAN |

| | | | | | |
|---|---|---|---|---|---|
| 16 | 10 | കുന്നിനകം | 184 | A | REMA Y |
| 17 | 8 | പാച്ചിറ | 662 | A | SUJA S |
| 18 | 2 | വെള്ളൂർ | 170 | A | SUJITH |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 55/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-8 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്(കോവിഡ് പശ്ചാത്തലത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 56/17.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-9 സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന് തെറ്റായി രേഖപ്പെടുത്തി ഇളവ് അനുവദിക്കുന്നു

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാസഗൃഹങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|
| 1 | 5/539 | ഷീജ ബീവി | പാർപ്പിടം | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം |
| 2 | 6/380 | അംബിക കുമാരി | പാർപ്പിടം | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം |
| 3 | 5/299 | സുമതി | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) ) |
| 4 | 6/86 | ചെല്ലമ്മ അമ്മ | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) ) |
| 5 | 7/210 | അസുമബീവി | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 |

(1 (എച്ച്) )

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 38/15.11.2022 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഇപ്രകാരം ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-10 ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണം നടത്തി

| | |
|---|---|
| ഫയൽ നമ്പർ | A3-1034/2021(1) തീ.25.10.2021 |
| കെട്ടിട ഉടമ | ശ്രീ.അബ്ദുൾ ഖരീം |
| കെട്ടിട നമ്പർ | 14/257/ A,B,C |
| ഉപയോഗക്രമം | പാർപ്പിട,വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| വിസ്തീർണം | 222.57 $M^2$ |
| ഭൂവിസ്തീർണം | 1.41 Are |
| ഉയരം | 9.75 മീ |
| സർവ്വേ നം | 129/6-2 |
| Front Yard | 3 M |
| Side Yard-1 | 1.20 M |
| Side Yard 2 | Consent |
| Rear Yard | 2 M |

അപാകങ്ങൾ

1)പാർപ്പിടാവശ്യത്തിനും വാണിജ്യാവശ്യത്തിനുമുള്ള കെട്ടിടങ്ങളുടെ നമ്പറിംഗ് നൽകുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് കെട്ടിടത്തിന് പെർമിറ്റ് നൽകിയിട്ടുള്ളത്(A3-BA(273892)/2019 തീ.09.09.2019. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 2021 രണ്ടാം അർദ്ധ വർഷം മുതൽ നികുതി കണക്കാക്കിയിട്ടുണ്ട്. 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്കാണ് Consent പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നത്. എന്നാൽ 9.75 മീറ്റർ ഉയരമുള്ള മേൽ കെട്ടിടം നിർദ്ദിഷ്ട Set Back ഇല്ലാതെ Consent പ്രകാരമാണ് നിർമ്മാണം പൂർത്തീകരിച്ചത്.

2)സമീപ പ്ലോട്ടിന്റെ Consent പ്രകാരം കെട്ടിടം നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്ലോട്ടിന്റെ സർവ്വേ നമ്പർ, Consent Letter , ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)പ്രൊപ്പോസ്ഡ് പ്ലാനിലും കംപ്ലീറ്റഡ് പ്ലാനിലും പ്ലോട്ടിലെ Existing കെട്ടിടത്തിന് 14/256,14/257 എന്നിങ്ങനെ വ്യത്യസ്ഥ കെട്ടിട നമ്പരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ സൈറ്റ് പ്ലാനിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 68/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18-11 വെഡ്ഡിംഗ് മാൾ അനധികൃത നിർമ്മാണം - വസ്തു നികുതി നാളിതുവരെ നിർണയിച്ചില്ല.

കെ.പി.ബി.ആർ. 2019 ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർദ്ദിഷ്ട ദേശീയ പാതയുടെ ബിൽഡിംഗ് ലൈനിൽ നിന്നും സെറ്റ്ബാക്കുകൾ പാലിക്കാതെ നിർമ്മിച്ചതും സഞ്ചയ ഡേറ്റാബേസിൽ ഉള്ളതിനേക്കാൾ അധിക തറവിസ്തീർണത്തിൽ നിർമ്മിച്ചതുമായ ശ്രീ ജലീൽ ഇബ്രാഹിം, സൈറസ്, സെന്റ് ജോർജ്ജ് ലെയിൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/702,703 നമ്പരുകളിലെ ആർ.കെ വെഡ്ഡിംഗ് മാൾ എന്ന സ്ഥാപനത്തിനെതിരെ കെട്ടിടം പൊളിച്ച് മാറ്റാൻ നിർദ്ദേശിച്ചുകൊണ്ട് 25.07.2022 ൽ 5475/(2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധനയിൽ 240 ച.മീ അനധികൃതമായി നിർമ്മിച്ചതായി എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അധിക നിർമ്മാണത്തിന്റെ നികുതി നാളിതുവരെ നിർണയിക്കുകയോ, നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 65/16.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ,വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയ മാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, 235 ഡബ്ലിയു വകുപ്പുപ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശ മുണ്ടായിരിക്കുന്നതല്ലാത്തതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 235-ാം വകുപ്പിൽ അനു ശാസിക്കുന്ന പ്രകാരമുള്ള കെട്ടിടനമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ടപ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിലുണ്ടാകുന്ന യാതൊരു കാലതാമസവും (1)-ാം ഉപവകുപ്പുപ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽ കെട്ടിടത്തിന്റെ അനധികൃത നിർമ്മിച്ച ഭാഗത്തിന്റെ വസ്തു നികുതി നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അനധികൃത നിർമ്മാണത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18-12 അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ,വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാന സൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയ മാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, 235 ഡബ്ലിയു വകുപ്പുപ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശ മുണ്ടായിരിക്കുന്നതല്ലാത്തതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 235-ാം വകുപ്പിൽ അനു ശാസിക്കുന്ന പ്രകാരമുള്ള കെട്ടിടനമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണ യിക്കപ്പെട്ടപ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിലുണ്ടാകുന്ന യാതൊരു കാലതാമസവും (1)-ാം ഉപവകുപ്പുപ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല. നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടി ടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെ ടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ട താണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളിൽ മേൽ വ്യവസ്ഥകൾ പാലിക്കുന്നില്ല. അനധികൃത നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കൂടാതെ അനധികൃത കെട്ടിടങ്ങളിൽ നിന്നും നാളിതുവരെ വസ്തു നികുതി പിരിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 65/17.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-13 രസീത് വിവരങ്ങൾ പ്രകാരം കെട്ടിട നമ്പർ പുതുക്കി നൽകിയതിൽ അപാകത

| ഫയൽ നം | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| B4-741/2021 തീ.11.10.2021 | 5/756<br>9/286 A<br>9/737 | അർഷാദ് ഖാൻ, അസീംൻസിൽ |

ഗ്രാമപഞ്ചായത്തിലെ 5/756 നമ്പർ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ.അർഷാദ് ഖാൻ, അസീംമൻസിൽ, എന്ന വ്യക്തി, പ്രസ്തുത കെട്ടിടം 9ാം വാർഡിൽ ആണെന്നും ആയതിനാൽ കെട്ടിടത്തിന്റെ വാർഡ് നമ്പർ 5-ാം വാർഡിൽ നിന്നും 9ാം വാർഡിലേയ്ക്ക് മാറ്റണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 11.10.2021 ൽ ഗ്രാമപഞ്ചായത്തിൽഅപേക്ഷയും നികുതി ഒടുക്കിയ രസീതിന്റെ പകർപ്പും സമർപ്പിച്ചിരുന്നു(02.05.2019 ലെ നം.119070100760 രസീത്). അപേക്ഷയുടെയും അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 5/756 എന്ന നമ്പരിന് പകരമായി പുതിയ കെട്ടിടം എന്ന രീതിയിൽ കെട്ടിട നമ്പർ 9/286 A എന്ന് നൽകുകയും പ്രസ്തുത കെട്ടിടത്തിന് 2020 ഒന്നാം അർദ്ധ വർഷം മുതൽ നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 5/756 എന്ന കെട്ടിടത്തിന്റെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ മുൻകാല വിവരങ്ങളും നികുതി ഒടുക്ക് സംബന്ധിച്ചും പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ 02.05.2019 ലെ നം.119070100760 രസീതിന്റെ പകർപ്പിൽ കെട്ടിട നമ്പർ 5/756 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത രസീതിലെ തുക ഒടുക്കിയിട്ടുള്ളത് 9/737 എന്ന കെട്ടിട നമ്പരിലേയ്ക്കാണ് . പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥനും മേൽ വ്യക്തിയാണ്. കൂടാതെ പ്രസ്തുത കെട്ടിടത്തിന് 2020-21 മുതൽ വസ്തു നികുതി കുടിശ്ശികയുമുണ്ട്. രസീതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Ward No | Door No | Sub No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 9 | 737 | | അർഷാദ് ഖാൻ. എ(ഒയാസിസ്,നിയർ സി ആർ പി എഫ് ക്യാമ്പ്,പള്ളിപ്പുറം പി ഒ, | 700932 | 0 | 119070100760 | 02/05/2019 | 2019 | 1423 |

ഈ മൂന്നു കെട്ടിടങ്ങളുടേയും നിജസ്ഥിതി അന്വേഷിച്ച് കെട്ടിട നമ്പർ പുതുക്കിയതിൽ സംഭവിച്ച അപാകത തിരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 63/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-14 ചട്ടങ്ങൾ പാലിക്കാതെ ഫാം നിർമ്മാണം ക്രമവത്കരിച്ചു നൽകി

| | |
|---|---|
| ഫയൽ നമ്പർ | A3-1769/2021 തീ.01.12.2021 |
| കെട്ടിട ഉടമ | ശ്രീമതി ഷിബിന നാസർ |
| കെട്ടിട നമ്പർ | 3/279/ A |
| ഉപയോഗക്രമം | ഗോട്ട് ഫാം |
| വിസ്തീർണം | 68.08 M2 |
| സർവ്വേ നം | 53/3-1,3-2,3-4 |

അപാകങ്ങൾ

1)15 ആടുകളെ വളർത്തുന്ന ഫാം നിർമ്മാണം ക്രമവൽക്കരിക്കുന്നതിനാണ് മേൽ അപേക്ഷ സമർപ്പിച്ചത്. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 8, ഉപചട്ടം 14 പ്രകാരം 50 എണ്ണത്തിൽ കൂടാതെ ആടുകളെ വളർത്തുന്ന കെട്ടിടത്തിന് ചുറ്റും വ്യക്തമായ 1.5 മീറ്റർ ഉറസ്സായ സ്ഥലം നൽകേണ്ടതാണ്. കൂടാതെ അത്തരം

നിർമ്മിതികളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ ഗോബർഗ്യാസ് പ്ലാന്റ് ഉൾപ്പെടുത്തേണ്ടതാണ്. മേൽ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ഒരു വശം നിർമ്മിച്ചിട്ടുള്ളത് ശ്രീമതി ഷജില, പുതുവൽ പുത്തൻവീട് എന്ന വ്യക്തിയുടെ സമ്മത പത്ര പ്രകാരം സമീപ പ്ലോട്ടിനോട് ചേർന്നാണ്. കൂടാതെ പൂർത്തീകരണ പ്ലാനിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചതിന്റെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.

2)ശ്രീമതി ഷജില, പുതുവൽ പുത്തൻവീട് എന്ന വ്യക്തിയുടെ സമ്മതപത്ര പ്രകാരം സർവ്വേ നമ്പർ 53/4 പ്ലോട്ടിനോട് ചേർന്നാണ് കെട്ടിടത്തിന്റെ വശം സ്ഥിതി ചെയ്യുന്നത്.എന്നാൽ ശ്രീമതി ഷജില, പുതുവൽ പുത്തൻവീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ് പ്രസ്തുത സമീപ പ്ലോട്ട് എന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലത്തിന്റെ ആധാരത്തിലും പ്രസ്തുത പ്ലോട്ടിനോട് ചേർന്ന് ഇത്തരത്തിൽ പ്രസ്തുത വ്യക്തിയുടെ ഉടമസ്ഥതയിൽ ഭൂമിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 53/16.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18-15 നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനിൽ തെറ്റായി രേഖപ്പെടുത്തി നിർമ്മാണം ക്രമവത്കരിച്ചു

| | |
|---|---|
| ഫയൽ നമ്പർ | A3-810/2021 Lr.13.10.2021 |
| കെട്ടിട ഉടമ | ശ്രീ.ഷിഹാബുദ്ദീൻ |
| കെട്ടിട നമ്പർ | 3/234/A |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| വിസ്തീർണം | 11.04 $M^2$ |

വാണിജ്യാവശ്യത്തിനുള്ള നിർമ്മാണം ക്രമവത്കരിക്കുന്നതിനാണ് മേൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 3/234 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 78 ച.മീറ്ററാണ്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 276 ച.മീ വിസ്തീർണ്ണം ഉണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം തെറ്റായി പ്ലാനിൽ രേഖപ്പെടുത്തിയതിനാൽ നിർദ്ദിഷ്ട സെറ്റ് ബാക്ക് പ്രകാരമാണോ അപേക്ഷ പ്രകാരമുള്ള കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 67/17.11.2022 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18-16 കുടിശ്ശിക തുക ഈടാക്കാതെ കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ചു

| ഫയൽ നം | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| A3-560/2021 തീ.13.12.2022 | 7/560 | അനീഷ് അഗസ്റ്റിൻ |

ഗ്രാമപഞ്ചായത്തിലെ 7/560 കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ അനീഷ് അഗസ്റ്റിൻ, പെട്ടയിൽ വീട് എന്ന വ്യക്തി കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 13.12.2021 തീയതിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ മാന്വൽ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട പ്രസ്തുത കെട്ടിടത്തിന്റെ വിവരം സഞ്ചയസോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയില്ലാത്തതിനാൽ കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പുനർ നിർണയിച്ചു നൽകി. എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാതെ 2021 ഒന്നാം അർദ്ധ വർഷം മുതലാണ് താഴെപ്പറയും പ്രകാരം നികുതി നിർണയം നടത്തി തുക ഈടാക്കിയത്.

| തരം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | വാർഷികം | |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വസ്തു നികുതി | 191.00 | 190.00 | 381.00 | രൂപ |
| ലൈബ്രറി സെസ്സ് | 10.00 | 10.00 | 20.00 | രൂപ |
| ആകെ നികുതി | 201.00 | 200.00 | 401.00 | രൂപ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 64/17.11.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ നിന്നും നഷ്ടപ്പെട്ടുവെന്നും അപേക്ഷകൻ സമർപ്പിച്ച രസീത് വിവരം പരിശോധിച്ചാണ് കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള കണിയാപുരം ഓൾഡ് മാർക്കറ്റ്, കൊയ്ത്തൂർക്കോണം മാർക്കറ്റ്, ആലുമൂട് മാർക്കറ്റ് എന്നിവിടങ്ങളിലെ കടമുറികളിൽ കണിയാപുരം ഓൾഡ് മാർക്കറ്റിലെ 8-ാം നമ്പർ കടമുറിയുടെയും, കൊയ്ത്തൂർക്കോണം മാർക്കറ്റിലെ 3-ാം നമ്പർ കടമുറിയുടെയും വാടക മാത്രമാണ് 2021-22 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു ( വാടക രജിസ്റ്റർ പ്രകാരം).

കണിയാപുരം ഓൾഡ് മാർക്കറ്റ്

| കടമുറി നമ്പർ | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസ വാടക | ജി.എസ്.ടി | പ്രളയ സെസ് (31.07.2021 വരെ) | പ്രതിമാസ വാടക | | വാർഷിക വാടക | ഒടുക്കിയ തുക |
|---|---|---|---|---|---|---|---|---|
| | | | | | 31.07.2021 വരെ | 01.08.2021 മുതൽ | | |
| I | നിഷാദ് കെ | 519 | 47+47 | 5 | 618 | 613 | 7376 | -- |
| 2 | നിഷാദ് കെ | 573 | 52+52 | 6 | 683 | 677 | 8148 | --- |
| 3 | വിനോദ് | 573 | 52+52 | 6 | 683 | 677 | 8148 | --- |
| 4 | സുരേഷ് കുമാർ | 552 | 50+50 | 6 | 658 | 652 | 7848 | -- |
| 5 | വാർഡ് 14 ഗ്രാമ കേന്ദ്രം | | | | | | | |
| 6 | വാർഡ് 13 ഗ്രാമ കേന്ദ്രം | | | | | | | |
| 7 | ഔസേപ്പ് | 882 | 79+79 | 9 | 1049 | 1040 | 12516 | -- |
| 8 | മുഹമ്മദ് ഹനീഫ | 511 | 46+46 | 5 | 608 | 603 | 7256 | 6044 |
| 9 | മുഹമ്മദ് ഹനീഫ | 511 | 46+46 | 5 | 608 | 603 | 7256 | - |
| 10 | നിഷാദ് കെ | 519 | 47+47 | 5 | 618 | 613 | 7376 | - |
| 11 | ഔസേപ്പ് | 882 | 79+79 | 9 | 1049 | 1040 | 12516 | -- |

കൊയ്ത്തൂർക്കോണം മാർക്കറ്റ്

| കടമുറി നമ്പർ | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസ വാടക | ജി.എസ്.ടി | പ്രളയ സെസ് (31.07.2021 വരെ) | പ്രതിമാസ വാടക | | വാർഷിക വാടക | ഒടുക്കിയ തുക |
|---|---|---|---|---|---|---|---|---|
| | | | | | 31.07.2021 വരെ | 01.08.2021 മുതൽ | | |
| 1 | സഫീന ബീവി | 985 | 86+86 | 10 | 1167 | 1107 | 13524 | -- |
| 2 | സാക്ഷരതാ കേന്ദ്രം | | | | | | | |
| 3 | സെക്രട്ടറി, കൊയ്ത്തൂർക്കോണം വെൽഫെയർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 704 | 64+64 | 7 | 839 | 832 | 10012 | 5936 |
| 4 | രമാദേവി | 1158 | 104+104 | 12 | 1378 | 1366 | 16440 | ---- |
| 5 | വിജി.എസ് | 1186 | 107+107 | 12 | 1412 | 1400 | 16848 | -- |

ആലുമൂട് മാർക്കറ്റ്

| കടമുറി | വാടകയ്ക്ക് എടുത്ത | മാസ | ജി.എസ്.ടി | പ്രളയ സെസ് | പ്രതിമാസ വാടക | വാർഷിക | ഒടുക്കിയ |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നമ്പർ | വ്യക്തിയുടെ പേര് | വാടക | | (31.07.2021 വരെ) | 31.07.2021 വരെ | 01.08.2021 മുതൽ | വാടക | തുക |
| 1 | മുരളീധരൻ നായർ | 1048 | 94+94 | 10 | 1246 | 1236 | 14872 | -- |
| 3 | സലാഹുദ്ദീൻ | | | | | | | |

കടമുറി വാടക പിരിവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കണിയാപുരം ഓൾഡ് മാർക്കറ്റ്, കൊയ്ത്തൂർക്കോണം പബ്ലിക് മാർക്കറ്റ്, ആലുമ്മൂട് മാർക്കറ്റ് എന്നിവിടങ്ങളിലെ കടമുറികൾ വാടകയ്ക്ക് എടുക്കാൻ സമ്മതമാണെന്ന് മുൻ വാടകക്കാർ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വ്യക്തികളുമായി കരാർ ചമച്ചിട്ടില്ല
2. 5% കൂടിയ നിരക്കിൽ വാടകയ്ക്ക് എടുക്കാൻ സമ്മതമാണെന്ന് അറിയിച്ചിട്ടുള്ള വ്യക്തികൾ 2021-22 വർഷം കടവാടക അടവാക്കിയിട്ടില്ല.
3. ആലുമ്മൂട് മാർക്കറ്റിലെ കടമുറി നമ്പർ 4, 9, 10 എന്നിവയിലെ വാടക 2020-21 സാമ്പത്തിക വർഷം മുഴുവൻ തുകയും അടവാക്കിയിട്ടും, തുടർന്നും കടമുറി വാടകയ്ക്ക് നൽകണമെന്ന അപേക്ഷ നൽകിയിട്ടും ടി. കടമുറികൾ മുൻ വാടകക്കാർക്ക് നൽകിയിട്ടില്ല.
4. 2020-21 സാമ്പത്തിക വർഷം വാടകയിനത്തിൽ 74468/- രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. ടി തുക പിരിച്ചെടുത്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 60/17.11.2022)ക്ക് മറുപടിയായി 2021-22 സാമ്പത്തിക വർഷത്തിൽ കടമുറികളുടെ ലേലം നടത്തിയിട്ടില്ലായെന്നും ടി വർഷം കടമുറികളുടെ ലേലത്തിന്റെ ഭാഗമായി ഒരു വ്യക്തിയുമായും എഗ്രിമെന്റിൽ ഒപ്പുവച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർക്കറ്റുകളിലെ ഏകദേശം എല്ലാ മുറികളും ഉപയോഗ്യ ശൂന്യമാണെന്നും മുറികളുടെ കൈവശാവകാശം വിട്ടുപോകാതിരിക്കാൻ വേണ്ടിയാണ് മുൻവർഷങ്ങളിൽ വാടകയ്ക്കെടുത്തവർ അപേക്ഷ സമർപ്പിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

കടമുറികളുടെ ശോചനീയാവസ്ഥയും ജീർണ്ണതയും പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും പുതിയ സാമ്പത്തിക വർഷത്തെ പദ്ധതികളിൽ കടമുറികളുടെ മെയിന്റനൻസ് സംബന്ധിച്ച തീരുമാനം എടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കോവിഡ് കാലയളവിൽ കടമുറികൾ പ്രവർത്തിക്കാത്തതിനാൽ വാടക ഇളവ് നൽകാൻ സർക്കാർ ഉത്തരവുണ്ടായിരുന്ന സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം വാടകയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന തുക പിരിച്ചെടുത്തിട്ടില്ലായെന്ന വിവരവും ലഭ്യമാക്കിയിട്ടുണ്ട്.

കടമുറികൾ എത്രയും വേഗം ഉപയോഗക്ഷമമാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി പത്രിക സമർപ്പിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരായ വി ഇ ഒ സർക്കിൾ 1, സർക്കിൾ 2 എന്നിവർ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ പത്രിക ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന്, പത്രിക ഹാജരാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഒടുക്കിയതിന്റെ പത്രിക ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-21 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നമ്പർ, പേര് | 3/22, ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി |
| അടങ്കൽ തുക | 1837115/- രൂപ<br>പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് തുക | ബിൽ നം.-393/2-3-22 1837115/- രൂപ |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാൻ അടങ്കൽ തുകയുടെ 15% പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കേണ്ട വരുത്തുന്ന

ഗുണഭോക്തൃവിഹിതമായും വകയിരുത്തണം എന്ന് 24/2/21 ലെ കത്തിൽ KWA നിർദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A) തൻവർഷത്തെ അംഗീകൃത പ്രോജക്ട് പ്രകാരം, പഞ്ചായത്തിൽ ഒടുക്ക വരുത്തുന്ന ഗുണഭോക്തൃവിഹിതമായി, തുകയൊന്നും വകയിരുത്തിയിട്ടില്ല.

(B) പദ്ധതി നടത്തിപ്പിനായി, KWA യുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.
(C) ടി പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല.

(D) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.
(E) മുൻവർഷങ്ങളിൽ ഗുണഭോക്തൃവിഹിതമായി, തുക ഈടാക്കയതിന്റെയോ, KWA യിൽ ഒടുക്കുവരുത്തിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.
(F) KWA യ്ക്ക നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല.
മേല്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-22 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുന്നില്ല

(എ) കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.
I)

| ക്രമ നം | പ്രോജക്ട് നം, പേര് | വിതരണ സ്ഥാപനം | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 142/22, തെരുവുവിളക്ക് പരിപാലനം. | യുണൈറ്റഡ് ഇലക്ട്രിക്കൽസ് | 102007 216787 24157 | സെക്രട്ടറി | 283/10.01.22 |
| 2 | 81, കമ്മിറ്റി ഹാൾ മെയിന്റനൻസ് | റബ്കൊ | 559473 | സെക്രട്ടറി | 439/22.03.22 |

ആയതിന്റെ 2 % ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.
II) പ്രോജക്ട് നം. 101/22 ശുചീകരണ പ്രവർത്തനങ്ങൾക്ക് യന്ത്ര വാടക എന്ന പദ്ധതിക്ക് JCB വാടകയായി Sulthan Earth Movers എന്ന സ്ഥാപനത്തിന് 57300/- രൂപ നല്കിയിട്ടുണ്ട് (ബിൽ നം. 475/30.03.2022). ടി സ്ഥാപനം ജി.എസ്.ടി ഉൾപ്പെടുന്ന ബിൽ അല്ല പഞ്ചായത്തിനു നല്കിയിട്ടുള്ളത്.
ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം 17ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വാഹനം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.
I) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ എന്ന പദ്ധതിയിൽ (പ്രോജക്ട് നം 96) ഉൾപ്പെടുത്തി, ഹരിതകർമ്മസേനയ്ക്ക് മാലിന്യം കൊണ്ടുപോകുന്നതിനായി വാഹനം വാങ്ങിയിട്ടുണ്ട്. (ബിൽ

നം.336/02.02.2022) എന്നാൽ ടി വാഹനംആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
II) ഗ്രാമ പഞ്ചായത്ത് കുടുംബ ആരോഗ്യ കേന്ദ്രത്തിന് MLAഫണ്ടിൽ നിന്ന് അനുവദിച്ച് കിട്ടിയനം ആംബുലൻസിന്റെ ഇൻഷുറൻസ് പുതുക്കുന്നതിനായി വൗച്ചർ നം. പ്രകാരം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം. 9ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുമായി ഉചിതമായ കരാർ വച്ച്, ടി വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ശേഷം, ആംബുലൻസിന്റെ ദൈനംദിന പരിപാലനം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്കുകളുടെ പരിപാലനം .

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200000/-രൂ. |
| ചെലവ് | 79346/-രൂ. |
| ബിൽ നം. | 395/02.03.2022 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 -ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2020-21 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവിളക്കുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ കേടായ തെരുവ് വിളക്കുകളിൽ വാറന്റി കാലാവധിയുള്ള തെരുവുവിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. . ശ്രീ.താഹ എച്ച്.എന്ന കരാറുകാരനാണ് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
5.കരാറുകാരന്റെ ഇൻഷ്വറൻസ് രേഖകൾ ഫയലിൽ ലഭ്യമല്ല.
6.കരാറുകാരനുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഒപ്പിടാത്ത ഒരു മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 18) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24-1 തെരുവ് വിളക്ക് പരിപാലനം -ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | 142/22 (New) |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 345000 [വികസനഫണ്ട് ജനറൽ ധനകാര്യകമ്മീഷൻ ഗ്രാന്റ്)] |
| ചെലവ് | 331984/-രൂപ |
| ബിൽ നം. | 1) 283/10.01.22<br>2) 470/20.03.22<br>3) 169/11.11.21<br>4) 282/10.01.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 331984/-രൂപ രൂപയുടെ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്.ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.) 2010-ലെ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും എണ്ണവും ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമാണ്. കൂടാതെ, പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ എണ്ണം രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്.

2.) ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 18) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-25 പത്രത്തിൽ പരസ്യം നൽകിയപ്പോൾ ഡിസ്കൗണ്ട് കണക്കാക്കിയില്ല.

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്കുള്ള നിരക്ക് ജി.ഒ(ആർ.ടി)നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഓ(പി)നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ദിനപത്രത്തിൽ പരസ്യം നൽകിയപ്പോൾ അതിനെക്കാൾ കുറഞ്ഞ നിരക്കിലാണ് ഡിസ്കൗണ്ട് കണക്കാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം. | വൗച്ചർ നം./തീയതി | കോളം വലിപ്പം(sq.cm) | ബിൽ തുക (രൂപ) | കിട്ടിയ ഡിസ്കൗണ്ട് രൂപ | ലഭിക്കേണ്ട ഡിസ്കൗണ്ട് രൂപ |
|---|---|---|---|---|---|
| 1 | 22100280/4-7-2199(കേരളകൗമുദി) | 32 | 10214 | 214 | 1532 |
| 2 | 22100280/4-7-21(കേരളകൗമുദി) | 32 | 10214 | 214 | 1532 |
| 3. | 22100333/24-7-21(കേരളകൗമുദി) | 32 | 10214 | 214 | 1532 |
| 4 | 22100333/24-7-219(ദേശാഭിമാനി) | 32 | 5712 | 12 | 856 |
| 5 | 22100331/31-1-22(കേരളകൗമുദി) | 32 | 10572 | 252 | 1586 |
| 6 | 22100282/31-1-22(കേരളകൗമുദി) | 24 | 8064 | 264 | 1210 |
| 7 | 2210049/7-3-22(കേരളകൗമുദി) | 32 | 10572 | 252 | 1586 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ (6) കേരളകൗമുദി പത്രം ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ പരസ്യങ്ങൾക്ക് മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ബാധകം. അധിക നിരക്കിലുള്ള പരസ്യ താരിഫ്,കുറഞ്ഞ നിരക്കിലുള്ള ഡിസ്കൗണ്ട് എന്നിവ മൂലം അധികം നൽകിയ തുക ഭാവിയിലെ ബില്ലുകളിൽ നിന്നും തിരികെ ഈടാക്കാൻ

നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 1200000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

വിവിധ പ്രവൃത്തികൾക്കുള്ള ഗ്രാമ പഞ്ചായത്തു വിഹിതമായി തുക വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം/പേര് | നിർവ്വഹണ ഏജൻസി. | തുക.(രൂ) | ബിൽ നം. |
|---|---|---|---|---|
| | 163/22 പൊതുശ്മശാനം ആധുനികവല്കരണം | ജില്ലാപഞ്ചായത്ത് | 700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബിൽ നം. 293/13-1-22 |
| | 4/22 ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമാണം | ആസൂത്രണ സമിതി | 500000 (വികസനഫണ്ട് ജനറൽ) | ബിൽ നം. 263/1-1-22 |
| | | ആകെ | 1200000 | |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.16/11.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ UC ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-27 യാത്രാബത്ത-ചട്ടങ്ങൾ പാലിച്ചില്ല.

വൗച്ചർ നം. 22100368/4-2-22 പ്രകാരം മുൻ പ്രസിഡണ്ട് ശ്രീമതി ഉഷാകുമാരി അമ്മയുടെ 2019 മെയ് മുതൽ 2020 മാർച്ച് വരെയുള്ള യാത്രാബത്തയായി ആകെ 18510 രൂപ നല്കിയിട്ടുണ്ട്.കേരളാഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(B)(6).KSR;വാല്യം1-പാർട്ട് 2 ,ചട്ടം 5(എ) എന്നിവ പ്രകാരം യാത്രാബത്ത,യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കണം.അർഹമായ തീയതി മുതൽ രണ്ടു വർഷത്തിനകം തുക മാറിയിരിക്കണം.രണ്ടു വർഷത്തിനു ശേഷം സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടെങ്കിൽ മാത്രമേ തുക മാറാൻ കഴിയൂ.(കേരളാഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(B)).മേല്പറഞ്ഞ ചെലവിന്റെ കാര്യത്തിൽ ടി നിബന്ധന പാലിച്ചിട്ടില്ല.ബില്ലുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ സമർപ്പിച്ച തീയതി വ്യക്തമല്ല കോവിഡ് സാഹചര്യം ആയതിനാലാണ് ബില്ലുകൾ മാറാൻ വൈകിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.8) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ യാത്രാബത്ത ബില്ലുകൾ യഥാസമയം സമർപ്പിക്കാനും തുക മാറാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ആംബുലൻസ് ഉപയോഗിക്കുന്നില്ല.

പഞ്ചായത്ത് വക KL-22-G-4346 നം മാരുതി ഓമ്നി ആംബുലൻസിന്റെ ലോഗ് ബുക്കു പ്രകാരം ടി വാഹനം 21/7/21 നു ശേഷം ഉപയോഗിച്ചിട്ടില്ല എന്നു കണ്ടു. 23/3/22 ന് ടി വാഹനം മൃഗാശുപത്രിക്ക് കൈമാറിയിട്ടുണ്ടെങ്കിലും, അതിനു ശേഷവും ടി വാഹനം ഉപയോഗിച്ചിട്ടില്ല. ഡ്രൈവറെ നിയമിച്ച് വാഹനം ഉപയോഗിക്കുന്നതിന് പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിനു വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എന്ക്വയറി നം.25 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 ലൈഫ് ഭവന പദ്ധതി-അപാകങ്ങൾ

| പ്രോജക്ട് നമ്പർ | SO123/22 | 56/22 | SO122/22 | 54/22 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി-ജനറൽ | ലൈഫ് ഭവന പദ്ധതി-ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |

| | | | | |
|---|---|---|---|---|
| അടങ്കൽ(രൂപ) | 8780000 | 9280000 | 9496000 | 24580000 |
| ചെലവ്(രൂപ) | 1730000 | 3320000 | 540000 | 4730000 |

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ്വ (കൈ) നം. 34/2018/ത.സ്വ.ഭ.വ .തീ.16-3-18 പ്രകാരം ഗുണഭോക്താക്കളുമായി എഗ്രിമെന്റ് ഒപ്പു വയ്ക്കേണ്ടതും, കുറഞ്ഞത് 12 വർഷത്തേക്ക് വീട് കൈമാറ്റം ചെയ്യുകയില്ല എന്ന് ടി എഗ്രിമെന്റിൽ നിഷ്കർഷിക്കേണ്ടതുമാണ്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല. പകരം ഒപ്പിടാത്ത മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.ശ്രീമതി.ഷജീറാബീവി (വാർഡ്-5),ശ്രീമതി വിമലമ്മ (വാർഡ്- 4),ശ്രീമതി.നസൈഫാ,എന്നീ ഗുണഭോക്താക്കളുടെ ഫയലിൽ മുദ്രപത്രം ഇല്ല.

2)സർക്കാർ ഉത്തരവ് (കൈ).നം 34/2018/ത.സ്വ.ഭ.വ .തീ.16-3-18 (ഖണ്ഡിക8) പ്രകാരം, നിഷ്കർഷിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലിൽ ഇല്ല.

3)മേൽ ഉത്തരവ്വ (ഖണ്ഡിക11),(മാർഗരേഖ സൂചിപ്പിച്ചിട്ടുള്ള അനുബന്ധം 4) എന്നിവ പ്രകാരം,ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ സ്റ്റേജ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക വിതരണം ചെയ്യേണ്ടത്. എന്നാൽ 2020-21 വർഷം മാർഗരേഖ സൂചിപ്പിച്ചിട്ടുള്ള അനുബന്ധം 4 പ്രകാരമുള്ള സ്റ്റേജ് റിപ്പോർട്ട്,ഫോട്ടോ എന്നിവ കൂടാതെയാണ് പലർക്കും,തുക അനുവദിച്ചു നൽകിയത്.

4.സർക്കാർ ഉത്തരവ്വ (സാധാ).നം 3218/2018/ത.സ്വ.ഭ.വ .തീ.21-12-18ൽ നിഷ്കർഷിച്ചിട്ടുള്ള (10%-40%-25%-25%)പ്രകാരമല്ല,ഗുണഭോക്താക്കൾക്ക് തുക നല്കിയിട്ടുള്ളത്.പഞ്ചായത്തിൽ നിന്ന് സഹായം സ്വീകരിച്ച് ഭൂമി വാങ്ങിയ ശേഷം,വീട്ടു നിർമ്മാണത്തിന് സഹായം കിട്ടിയ 9 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിലയിരുത്താൻ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തി.ശ്രീ.ബാല്യ,ശ്രീമതി. മഞ്ജു(വാർഡ്-15) എന്നീവരുടെ വീട് ഫൌണ്ടേഷൻ പില്ലർ മാത്രം ചെയ്ത നിലയിൽ ആണുള്ളത്.എന്നാൽ ടി വ്യക്തികൾക്ക് 303000 വീതം രൂ.നല്കിയിട്ടുണ്ട്.ശ്രീമതി.സീനത്ത് ബീവിയുടെ വാർഡ്-4)വീട് ലിന്റൽ ലെവൽ വരെയാണ് പൂർത്തിയായിട്ടുള്ളത്.ടിയീൾക്കും303000രൂ.നല്കിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 43-ന് ലഭിച്ച മറുപടിയിൽ ,പദ്ധതിയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-30 ഭവന പുനരുദ്ധാരണം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/22 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം - SCP |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | (വികസന ഫണ്ട് SCP-5900000/- തനത് ഫണ്ട് 5420000/രൂപ) |
| ചെലവ് | 5420000 രൂപ |

ഗ്രാമപഞ്ചായത്തിലെ നിലവിൽ വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗരേഖ പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധികമുറി നിർമ്മാണം അനുവദനീയമല്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കൾ(ഒരാൾ ഒഴികെ) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ സബ്സിഡി മാർരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരേശോധിക്കാൻ സാധിച്ചിട്ടില്ല.

2) ഗുണഭോക്താക്കളുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടില്ല.പകരം ഒപ്പിടാത്ത ഒരു മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. കുട്ടപ്പൻ.എ (വാർഡ്3), ശ്രീകല.എൻ(വാർഡ്8), സീത.ബി.(വാർഡ്18), ആശാറാണി(വാർഡ്6), ശ്രീമതി.കെ(വാർഡ്2), ലളിത(വാർഡ്4), വത്സല സുരേന്ദ്രൻ(വാർഡ്18), വിദ്യാധരൻ(വാർഡ്9), സുജാത (വാർഡ്17), എന്നീ ഗുണഭോക്താക്കളുടെ ഫയലിൽ മുദ്രപത്രം ഇല്ല.

3) താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം അനുവദിച്ച ധനസഹായം 100000/- രൂപയാണ്. ഒരു ലക്ഷം രൂപയിൽ കുറഞ്ഞ മൂല്യമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പേര് | വാർഡ് | വാല്യവേഷൻ സർട്ടിഫിക്കറ്റ് മൂല്യം |
|---|---|---|---|
| 1 | സുജാത | 17 | ഇല്ല |
| 2 | അംബിക | 16 | 75000 |
| 3 | സുനിത | 13 | 25000 |
| 4 | ശ്രീമതി.കെ | 2 | 50000 |

4) സബ്സിഡി മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ച നൽകി.

| ക്രമ നം. | വാർഡ് | ഗുണഭോക്താവ് | വീടിന്റെ കാലപ്പഴക്കം |
|---|---|---|---|
| 1 | 10 | രാധ | 4 |
| 2 | 8 | സുമംഗലി | 6 |
| 3 | 10 | സഹദേവൻ | 6 |
| 4 | 3 | കുട്ടപ്പൻ | 4 |
| 5 | 17 | ഓമന | 7 |

5) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നല്കി.

1.പുഷ്പകുമാരി(വാർഡ്- 12)2.ബിന്ദു,സി.(വാർഡ്- 1 3), ഷൈനി(വാർഡ്- 1), തങ്കമണി(വാർഡ്- 1), ഷീല(വാർഡ്- 13), ബിന്ദു.എം.എസ് (വാർഡ്- 3), യശോദ (വാർഡ്- 9), യോഹന്നാൻ (വാർഡ്- 3), ഉഷാകുമാരി (വാർഡ്- 9), വിജി.എസ് (വാർഡ്- 3), ശാന്ത.എൽ(വാർഡ്- 14), കമലമ്മ(വാർഡ്- 9), ലേഖ(വാർഡ്- 13),

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 43/16.11.2022-ന് ലഭിച്ച മറുപടിയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വീടുകളുടെ കാലപ്പഴക്കം ബോധ്യപ്പെടുന്നതിനായി വീടുകൾ നേരിട്ട് പരിശോധന നടത്തിയാണ് പദ്ധതി ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്കൂളുകളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

| പ്രോജക്ട് നം | S0121/22 | S0120/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ആലുംമൂട് എൽ പി.എസി ലേയ്ക്ക് ബഞ്ചും ഡസ്കും വാങ്ങൽ | കണിയാപുരം എൽ പി.എസി ലേയ്ക്ക് ബഞ്ചും ഡസ്കും വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.യു.പി.എസ് | ഹെഡ്മാസ്റ്റർ ഗവ.യു.പി.എസ് |
| അടങ്കൽ | 150000/-(മെ.നോൺറോഡ്) | 350000/-(മെ.നോൺറോഡ്) |
| ചെലവ് | 147440/- | 349200/- |
| ബിൽ നം.തീ | 43/02.08.2021 | 58/17.08.2021 |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആലുംമൂട് എൽ പി.എസി ലേയ്ക്കും കണിയാപുരം എൽ പി.എസി ലേയ്ക്കും ബഞ്ചും ഡസ്കും വാങ്ങുന്നതിനായാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ബഞ്ചും ഡസ്കും വാങ്ങുന്നതിന് വ്യത്യസ്ത ടെൻഡർ ക്ഷണിക്കുകയും രണ്ട് ടെൻഡറുകളിലും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത എ.ബി.ഐ ഇൻഡസ്ട്രീസ്

എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[സ.ഉ(അ).നം.259/2010/തസ്വഭവ തീ.08.11.2010] ഒരു വർഷം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കണക്കാക്കേണ്ടതും ഫർണീച്ചർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഒന്നിച്ച് വാങ്ങേണ്ടതുമാണ്. മേൽ പ്രോജക്ടുകളിൽ ഒരേ ഇനം ഫർണീച്ചർ വാങ്ങിയതിന് വ്യത്യസ്ഥ ടെൻഡറുകളാണ് നടപ്പാക്കിയത്.

2) മേൽ പ്രവൃത്തികളിൽ ഫർണീച്ചർ വാങ്ങുന്നതിന്റെ ആകെ മതിപ്പ് വില അഞ്ച് ലക്ഷം രൂപയാണ്. സ.ഉ(എം.എസ്)നം.13/2015/ITD തീ.12.05.2015 പ്രകാരം അഞ്ച് ലക്ഷം രൂപ മുതലുള്ള ടെൻഡറുകൾ ഇ ടെൻഡർ മുഖേനയാണ് നടപ്പാക്കേണ്ടത്. എന്നാൽ മേൽ പ്രോജക്ടുകളിൽ ഇ ടെൻഡർ മുഖേനയല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

3) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

പ്രൊക്യൂർമെന്റ് നടപടികളിലെ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.28/15.11.2022 നമ്പർ മറുപടി). സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വാങ്ങൽ നടത്തേണ്ടതും ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-32 വയമ്പ് സമഗ്ര സാമൂഹ്യ വിദ്യാഭ്യാസ പരിപാടി - പദ്ധതിയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | S0137/22 |
| പ്രോജക്ടിന്റെ പേര് | വയമ്പ് സമഗ്ര സാമൂഹ്യ വിദ്യാഭ്യാസ പരിപാടി |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.യു.പി.എസ് |
| അടങ്കൽ | 130000/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 9839/- |

കോവിഡ് സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്കൂൾ കുട്ടികളുടെ ഓൺലൈൻ പഠനത്തിനാവശ്യമായ സഹായം ലഭ്യമാക്കുന്നതിനും, കുട്ടികൾ കൃത്യമായി ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയിൽ സ്കൂൾ കുട്ടികളെ വാർഡ് തലത്തിൽ ക്ലസ്റ്ററുകളായി തിരിക്കുകയും ഓരോ ക്ലസ്റ്ററുകളുടെയും ചുമതല ഓരോ ഫെസിലിറ്റേറ്റർമാർക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസഹായത്തിനായി മീഡിയ റൂം സജ്ജീകരിക്കുകയും ചെയ്യുന്ന തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്കൂൾ കുട്ടികളെ വാർഡ് തലത്തിൽ ക്ലസ്റ്ററുകളായി തിരിക്കുകയും ഓരോ ക്ലസ്റ്ററുകളുടെയും ചുമതല ഓരോ ഫെസിലിറ്റേറ്റർമാർക്ക് നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പദ്ധതി പ്രകാരം രൂപീകരിച്ച ക്ലസ്റ്ററുകൾ, ഫെസിലിറ്റേറ്റർമാർ, ഓൺലൈൻ പഠനത്തിനായി സജ്ജീകരിച്ച മീഡിയ റൂമുകൾ എന്നിവ സംബന്ധിച്ച രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ഫയലിൽ 2022 ജൂലൈ 26, 27 തീയതികളിൽ വയമ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മീറ്റിംഗ് നടത്തിയ ഇനത്തിൽ 5400/- രൂപയും നോട്ട് ബുക്ക്, പേന എന്നിവ വാങ്ങിയ ഇനത്തിൽ 4439/- രൂപയും ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പേര് വിവരം ഉൾപ്പെട്ട ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 28/15.11.2022 നമ്പർ മറുപടി). പദ്ധതിയുടെ തുടർ നടത്തിപ്പിന്റെ വിവരങ്ങൾ സംബന്ധിച്ച മറ്റ് യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പദ്ധതി

ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കോവിഡ് സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ആരംഭിച്ച പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 "ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി " - ക്രമ വിരുദ്ധമായി തുക വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0069/2021-22 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി |
| അടങ്കൽ | 1455000/-<br>(500000/- വികസന ഫണ്ട് ജനറൽ<br>900000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>55000/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1324148/-<br>(480321/- വികസന ഫണ്ട് ജനറൽ<br>788827/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>55000/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ (ബിൽ ബുക്ക് പ്രകാരം) | 02/20.10.2021 തുക 125900/-<br>03/20.10.2021 തുക 354421/-<br>04/20.10.21 തുക 270606/-<br>05/25.11.2021 തുക 55000/-<br>09/31.01.2022 തുക 235771/-<br>11/ 08.03.2022 തുക 59184/-<br>12/08.03.2022 തുക 20751/-<br>13/21.03.2022 തുക 66834/-<br>16/30.03.2022 തുക 69957/-<br>17/30.03.2022 തുക 40584/-<br>18/30.03.2022 തുക 15000/-<br>19/30.03.2022 തുക 10140/- |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |

ക്ഷീരസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ കണക്കാക്കി അത്രയും തുക കർഷകന്റെ അക്കൌണ്ടിലേയ്ക്ക് മാറ്റുന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ഗുണഭോക്തവായ ശ്രീ ബിജു എൻ.ജി (പൂരം, തിരുവെള്ളൂർ, ഗുണഭോക്തൃ ലിസ്റ്റ് നം - 64) യ്ക്ക് ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെ സംഘത്തിൽ നൽകിയ 10832 ലിറ്റർ പാലിന് 32496/- രൂപ (10832*3) ബിൽ നമ്പർ 3/20.10.2021 പ്രകാരവും, 4/20.10.2021 പ്രകാരവും നൽകിയിരുന്നു (അക്കൗണ്ട് നം - 33302476879, ഐ.എഫ്.എസ്.സി കോഡ് - SBIN0070018). ഇത്തരത്തിൽ ഒരേ തുക രണ്ട് പ്രാവശ്യം അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 54/17.11.2022) യ്ക്ക് ബിൽ നമ്പർ 3 ന്റെയും ബിൽ നമ്പർ 4 ന്റെയും റിക്വിസിഷനിൽ ബിജു എൻ.ജി യുടെ പേര് വന്നത് ബില്ലുകൾ പാസ്സായതിന് ശേഷമാണ് അറിഞ്ഞതെന്നും, ഒരാൾക്ക് രണ്ട് പ്രാവശ്യം ആനുകൂല്യം നൽകിയതായി മനസ്സിലായതിനാൽ ശ്രീ.ബിജു എൻ.ജിയ്ക്ക് അധികമായി നൽകിയ 32496/- രൂപ ആനുകൂല്യം ലഭിക്കാതിരുന്ന മറ്റ് രണ്ട് ഗുണഭോക്താക്കൾക്ക് (വിക്രമൻ നായർ.കെ - 13952/-, അബ്ദുൾ റഷീദ് എം. - 18544/-) ശ്രീ.ബിജു എൻ.ജി യുടെ അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-34-1 തരിശുനിലത്തിൽ കൃഷി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0064/2021-22 |
| പ്രോജക്ടിന്റെ പേര് | തരിശു നിലത്തിൽ കൃഷി |
| അടങ്കൽ – 7,80,000/- | 2,60,000/- (വികസന ഫണ്ട് ജനറൽ)<br>5,20,000/- (മറ്റുള്ളവ) |
| ചെലവ് | 59,412/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ | 14/21-22 തീയതി 24/03/2022തുക 59412/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് വാഴ, പച്ചക്കറി, നെല്ല്, ചെറുധാന്യങ്ങൾ , പയർവർഗങ്ങൾ , കിഴങ്ങവർഗ വിളകൾ മുതലായവ കൃഷി ചെയ്യുന്നതിന് കൂലി ചെലവ് ഇനത്തിൽ നെൽകൃഷിക്ക് ഹെക്ടറിന് 40,000/- രൂപയും (35000/- രൂപ കർഷകനും, 5000/- രൂപ ഭൂഉടമയ്ക്കും), പച്ചക്കറികൃഷിക്ക് ഹെക്ടറിന് 40,000/- രൂപയും ( 37000/- രൂപ കർഷകനും, 3000/- രൂപ ഭൂഉടമയ്ക്കും), വാഴക്കൃഷിയ്ക്ക് ഹെക്ടറിന് 35,000/- രൂപയും ( 32000/- രൂപ കർഷകനും, 3000/- രൂപ ഭൂഉടമയ്ക്കും), കിഴങ്ങ്/ ധാന്യ കൃഷിക്ക് ഹെക്ടറിന് 30,000/- രൂപയും ( 27000/- രൂപ കർഷകനും, 3000/- രൂപ ഭൂഉടമയ്ക്കും) നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രസ്തുത പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- സ.ഉ (സാധാ) നം.1009/2020/തസ്വഭവ തീയതി 29.05.2020 ഉത്തരവ് ഖണ്ഡിക 2.2 (തരിശ് കൃഷിക്ക് സഹായം - മാർഗ്ഗനിർദ്ദേശങ്ങൾ) പ്രകാരം മൂന്ന് വർഷത്തിൽ അധികമായി കാർഷിക പ്രവർത്തികൾ ചെയ്യാത്ത ഭൂമി / പുരയിടം തരിശുഭൂമിയായി പരിഗണിക്കാമെന്നും, ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം കൃഷി ചെയ്തിട്ടുള്ള ഭൂമികൾ ഒന്നും തന്നെ തരിശാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യണമെന്ന നിബന്ധന ഉണ്ടായിരിക്കെ പദ്ധതി ഗുണഭോക്താവായ ശ്രീമതി നജിയ ബീവി.ജെ യ്ക്ക് 5 സെന്റിൽ പച്ചക്കറി കൃഷി ചെയ്തതായുള്ള കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 740/- രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു.
- ഗുണഭോക്തൃ ലിസ്റ്റിൽ 54 അംഗങ്ങൾ ഉണ്ടായിരുന്നിട്ടും 12 വ്യക്തികൾക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.
- 7,80,000/- രൂപ അടങ്കൽ നിശ്ചയിച്ച് 59,412/- രൂപ മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. പദ്ധതി പണം പാഴാക്കുന്നത് തടയേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 10/11.11.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ പാലിച്ച് മാത്രം പദ്ധതി നിർവഹിക്കേണ്ടതും പരമാവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34-2 കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | S0045/2021-22 |
| പ്രോജക്ടിന്റെ പേര് | കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി |
| അടങ്കൽ | 875600 (വികസന ഫണ്ട് ജനറൽ)<br>5,10,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>5,10,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>13,28,000 (മറ്റുള്ളവ) |

| ചെലവ് | ഒന്നാം വിള | | | രണ്ടാം വിള | | |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | വികസന ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 412830 | 280500 | 280500 | 337770 | 42500 | 42500 |
| ബിൽ നമ്പർ | 01/21-22 തീയതി ---- തുക 99540/-<br>02/21-22 തീയതി ---- തുക 11340/-<br>03/21-22 തീയതി ---- തുക 280500/-<br>04/21-22 തീയതി 16.11.2021 തുക 280500/-<br>05/21-22 തീയതി 16.11.2021 തുക 123750/-<br>06/21-22 തീയതി 16.11.2021 തുക 178200/-<br>07/21-22 തീയതി 13.12.2021 തുക 90720/-<br>08/21-22 തീയതി 13.12.2021 തുക 101250/-<br>09/21-22 തീയതി 13.12.2021 തുക 145800/-<br>11/21-22 തീയതി 22.02.2022 തുക 42500/-<br>12/21-22 തീയതി 02.03.2022 തുക 42500/- | | | | | |
| നിർവ്വഹണം | കൃഷി ഓഫീസർ | | | | | |

മേൽ പ്രോജക്റ്റ് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സെക്രട്ടറി, പള്ളിപ്പുറം പാടശേഖര സമിതി 222 സെന്റിൽ ഒന്നാം വിള നെൽകൃഷി ചെയ്യുന്നതിനായി 71.04 Kg വിത്തും 148 Kg ജൈവവളവും, 640 Kg ഡോളോമൈറ്റും കൈപ്പറ്റിയിട്ടുണ്ട്. സമിതിയ്ക്ക് കൂലി ചെലവ് ഇനത്തിൽ 7548/- രൂപ വീതം ജില്ലാ വിഹിതവും ബ്ലോക്ക് വിഹിതവും കൈമാറാവുന്നതാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൂലി ചെലവ് സബ്സിഡി സമിതിയ്ക്ക് നൽകിയിട്ടില്ല. രണ്ടാം വിള കൃഷി ചെയ്യുന്നതിനായും സമിതി 71.04 Kg വിത്തും 148 Kg ജൈവവളവും 400 Kg കുമ്മായവും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സമിതി രണ്ടാം വിള കൃഷി ചെയ്തതായി കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടില്ല.

2) 27 ഹെക്ടർ സ്ഥലത്ത് രണ്ടാം വിള കൃഷി ചെയ്യുന്നതിനായി 36 കർഷകർക്ക് 2160 Kg നെൽവിത്തും 4500 Kg ജൈവവളവും, 12150 Kg കുമ്മായവും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത 10 കർഷകർക്ക് മാത്രമാണ് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂലി ചെലവ് സബ്സിഡി നൽകിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 20/14.11.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് നിർവഹണത്തിൽ മേൽ അപാകങ്ങൾ സംഭവിച്ചതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34-3 കർഷകർക്ക് വാഴത്തൈ, കുറ്റിക്കുരുമുളക് വിതരണം (ജനറൽ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00162/2021-22 |
| പ്രോജക്റ്റിന്റെ പേര് | കർഷകർക്ക് വാഴത്തൈ, കുറ്റിക്കുരുമുളക് വിതരണം (ജനറൽ) |
| അടങ്കൽ | 160500/- (160500/-) വികസന ഫണ്ട് ജനറൽ |
| ചെലവ് | 1,60,500/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ | 13/21-22 തീയതി 25/02/2022തുക 1,60.500/- |

| നിർവ്വഹണം | കൃഷി ഓഫീസർ |
|---|---|

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ വാർഡിലേയും ആദ്യത്തെ 43 കർഷകർക്ക് വീതം വാഴത്തൈ, കുറ്റിക്കുരുമുളക് എന്നിവ വിതരണം ചെയ്യുന്നതിനും അവർക്ക് വേണ്ടാത്ത പക്ഷം അതേ വാർഡിലെ തൊട്ടടുത്ത ആളിന് നൽകുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/02/2022 -ലെ 2(3) നമ്പർ തീരുമാനമായിരുന്നു. വാഴത്തൈ, കുറ്റിക്കുരുമുളക് എന്നിവയുടെ വാർഡ് തലത്തിലുള്ള വിതരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | തൈ ലഭിച്ച കർഷകരുടെ എണ്ണം | വിതരണം ചെയ്ത യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | - | - |
| 2 | - | - |
| 3 | - | - |
| 4 | 30 | 109 |
| 5 | 8 | 17 |
| 6 | 33 | 94 |
| 7 | 22 | 49 |
| 8 | - | - |
| 9 | 18 | 61 |
| 10 | 30 | 64 |
| 11 | 16 | 46 |
| 12 | 19 | 59 |
| 13 | 24 | 57 |
| 14 | 2 | 8 |
| 15 | 33 | 106 |
| 16 | 3 | 64 |
| 17 | 2 | 7 |
| 18 | 14 | 42 |

ഗുണഭോക്തൃ ലിസ്റ്റിൽ മതിയായ കർഷകർ ഉണ്ടായിരുന്നിട്ടും 1,2,3,8 വാർഡുകളിലെ ഒരു വ്യക്തിക്ക് പോലും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 5, 14, 16, 17 വാർഡുകളിലും വളരെ കുറച്ച് വ്യക്തികൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ മതിയായ കർഷകർ ഉണ്ടായിരുന്നിട്ടും കമ്മിറ്റി തീരുമാന പ്രകാരം പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( നമ്പർ 12/11.11.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി പ്രോജക്ട് നിർവഹിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 കാർഷിക പ്രോജക്ടുകൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല

2021-22 വർഷം കൃഷി ഓഫീസറുടെ നിർവ്വഹണത്തിൽ ചുവടെചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 166/22 | വനിത കർഷകർക്ക് വാഴ തൈ, കുറ്റി കുരുമുളക് വിതരണം (എസ്.സി) | 41000 |
| 2 | 64/22 | ജൈവ സമൃദ്ധി - തരിശു നിലത്തിൽ കൃഷി | 59412 |
| 3 | 47/22 | ഗ്രോബാഗിൽ പച്ചക്കറി കൃഷി | 104000 |
| 4 | 162/22 | കർഷകർക്ക് വാഴ തൈ, കുറ്റി കുരുമുളക് വിതരണം (ജനറൽ) | 160500 |
| 5 | 45/22 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 1396600 |

പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽ പ്രോജക്ടുകളുടെ മോണിറ്ററിങ് റിപ്പോർട്ടുകൾ ഫയലുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കിയതുവഴി ഉല്പാദന വർദ്ധനവുണ്ടായോയെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറി (14/11.11.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ഫലപ്രദമായ മോണിറ്ററിങ് അനിവാര്യമാണ്.

## 1-36 "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ " - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0013/22 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 200000/- |
| ബിൽ നമ്പർ | 01/18.02.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 200000/- ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിച്ചിട്ടില്ല

1) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്റ്റിൽ സൂക്ഷിച്ചിട്ടില്ല.

2) സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

ഗ്രാമ പഞ്ചായത്തിലെ പദ്ധതി ആസൂത്രണവും, രൂപീകരണവും, സംബന്ധിച്ച സുപ്രധാന രേഖയായ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം, തരം, കലുങ്കുകൾ, കുടിവെള്ള പദ്ധതികളുടെ എണ്ണം, തരം, എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3) പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപ്പിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല.

ഓഡിറ്റ് അന്വേഷണം നം - 46തീയതി 16.11.2022.ന് മറുപടിയായി വരും വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 എം ബുക്കിലെ രേഖപ്പെടുത്തലുകൾ - കൃത്യത പാലിക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | കൃഷി ഓഫീസ് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 63/22 |
| അടങ്കൽ | 3,00,000/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 2,74,400 |
| എം.ബുക്ക് നമ്പർ | 63/21-22 |
| റ്റി എസ് നമ്പർ | 8957/21-22 |
| ബിൽ നമ്പർ | 259/30.12.21 |

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ മേൽ പ്രവർത്തിയുടെ എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 2,64,729.87/- രൂപയാണ്. എന്നാൽ 2,65,847/- രൂപയുടെ ബില്ല് തയ്യാറാക്കുകയും 2,65,151/- രൂപയിൽ ലിമിറ്റ് ചെയത് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ കരാറുകാരന് 422/- രൂപ അധികം നൽകിയിട്ടുണ്ട്. ചെറിയ തുകയാണെങ്കിലും ബില്ല് തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന് വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -47തീയതി 16.11.2022.ന് മറുപടിയായി ക്ളറിക്കൽ മിസ്റ്റേക്ക് കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ചെറിയ തുകയാണെങ്കിലും ബില്ല് തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തിയതിൽ വന്ന പിശക് കാരണമാണ് ഇപ്രകാരം സംഭവിച്ചത്. എം ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-39 ആലുംമൂട് മാർക്കറ്റിൽ ടോയ് ലറ്റ് നിർമ്മാണം

| | |
|---|---|
| പദ്ധതിയുടെ പേര് | ആലുംമൂട് മാർക്കറ്റിൽ ടോയ്ലറ്റ് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 158/22 |
| അടങ്കൽ | 3,00,000/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 1,47,054 |
| എം.ബുക്ക് നമ്പർ | 222/21-22 |
| റ്റി എസ് നമ്പർ | 79783/21-22 |
| ബിൽ നമ്പർ | 482/30.3.22 |

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ മേൽ പ്രവർത്തിയിൽ ചുവടെ പറയുന്ന ഇനങ്ങൾക്ക് അധികം തുക നൽകിയിരിക്കുന്നു.

| ഇനം | അളവുബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 10-13.4.1.12 | 37.82/m2 | 37.82×325.01=12291.88 | 41.245×325.01= 13405.04 | 1113.16 |
| 16-13.43.1 | 58.05-10.94(deduction)=47.11 | 47.11×70.6= 3327.85 | 48.34×70.6= 3414.73 | 86.88 |
| | | | Total | 1200/- |

ഓഡിറ്റ് എൻക്വയറി നമ്പർ -48 തീയതി-16.11.2022ന് മറുപടിയായി ക്ളറിക്കൽ മിസ്റ്റേക്ക് കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ടേക്ക് എ ബ്രേക്ക് നിർമ്മാണം

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പള്ളിപ്പുറം സി ആർ പി എഫിനു സമീപം ടേക്ക് എ ബ്രേക്ക് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 114/22 |
| അടങ്കൽ | 22,00,000/-(ധനകാര്യകമ്മീഷൻ അവാർഡ് മറ്റുള്ളവ) |
| ചെലവ് | 12,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| എം.ബുക്ക് നമ്പർ | 43/21-22 |
| റ്റി എസ് നമ്പർ | 81577/20-21 |
| ബിൽ നമ്പർ | 436542/-224/13.12.21<br>763458/-405/4.3.22 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | കണിയാപുരം കെ എസ് ആർ ടി |

| | |
|---|---|
| | സി ഡിപ്പോയിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 111/22 |
| അടങ്കൽ | 22,00,000/-(ധനകാര്യകമ്മീഷൻ അവാർഡ് മറ്റുള്ളവ) |
| ചെലവ് | 15,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| എം.ബുക്ക് നമ്പർ | 53/21-22 |
| റ്റി എസ് നമ്പർ | 81576/20-21 |
| ബിൽ നമ്പർ | 995480/-225/13.12.21<br>504520/-406/4.3.22 |

പള്ളിപ്പുറം സി ആർ പി എഫിനു സമീപവും കണിയാപുരം കെ എസ് ആർ ടി സി ഡിപ്പോയിലും ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി 21.1.21 നം 6.2.21നം യഥാക്രമം കരാറുകാരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 3 മാസമായിരുന്നു നിർമ്മാണകാലാവധി. പള്ളിപ്പുറം സി ആർ പി എഫിനു സമീപത്തെ നിർമ്മാണം പൂർത്തിയായിട്ടില്ല.

കണിയാപുരം കെ.എസ്.ആർ.ടി.സി സ്റ്റാൻഡിനകത്താണ് ഒരു ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ടേക്ക് എ ബ്രേക്ക് നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തും കെ.എസ്.ആർ.ടി.സിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ -51 തീയതി-16.11.2022ന് മറുപടിയായി നിർമ്മാണം പൂർത്തിയാക്കാനുള്ള ടേക്ക് എ ബ്രേക്കിന്റെ നിർമ്മാണം ഉടൻതന്നെ പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സിയുമായി ബന്ധപ്പെട്ട് നടത്തിപ്പ് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടതിനുശേഷം സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തണം

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളിലും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ഭൂരിഭാഗം പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കിൽ തന്നെയാണ് കരാർ നൽകിയിരിക്കുന്നത്. മത്സരാധിഷ്ഠത ടെണ്ടറുകളിലുണ്ടാകുന്ന കുറവ് പഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നുണ്ട്.

2021-22 സാമ്പത്തിക വർഷം അസി. എഞ്ചിനീയർ നടപ്പിലാക്കിയ മിക്ക പദ്ധതികളിലും മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ -52തീയതി 16.11.2022.

ജി ഒ(പി) നം 324/2015ഫിൻ തീ 30.7.2015 അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും മത്സരാധിഷ്ഠത ടെണ്ടറുകളിലുണ്ടാകുന്ന കുറവ് പഞ്ചായത്തിന്റെ സാമ്പത്തിക നഷ്ടത്തിന് കാരണമാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-42 ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. 2018-19ലെ ഇ ടെണ്ടർ ഫോറം വിലയായ 491284/- രൂപ ചെക്ക് നം 256476 തീയതി 16.4.2020 ആയി അടവാക്കിയിട്ടുണ്ട്. എന്നാൽ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ഇ ടെണ്ടർ ഫോറം വില നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

ഇ ടെണ്ടർ ആവശ്യത്തിനായി അക്കൌണ്ടും ആരംഭിച്ചിട്ടില്ലായെന്ന് എഇ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നമ്പർ.71/18.11.22).

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലുള്ള ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇ ടെണ്ടർ ആവശ്യത്തിനായി അക്കൌണ്ട് ആരംഭിക്കേണ്ടതുമാണ്.

## 1-43 ഗാർഹീക സംസ്കരണ സംവിധാനം-രേഖകൾ ലഭ്യമല്ല- 162000 രൂപയുടെ ചെലവ് തടസ്സ്പ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 118 |
| പ്രോജക്ടിന്റെ പേര് | ഗാർഹീക സംസ്കരണ സംവിധാനം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ – 180000/- | (ധനകാര്യകമ്മീഷൻ അവാർഡ്-162000 രൂപ<br>ഗുണഭോക്തൃവിഹിതം- 18000 രൂപ) |
| ചെലവ് | 162000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം | 465/26-3-22 |

ഗ്രാമപഞ്ചായത്തിലെ വീടുകൾക്ക് വേസ്ററ് ബിൻ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.അംഗീകൃത പ്രോജക്ട് പ്രകാരം 100 യൂണിറ്റ് (@1800/യൂണിറ്റ് ) ആണ് വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തു വിഹിതമായി 162000 രൂപയും, ഗുണഭോക്തൃവിഹിതം- 18000 രൂപയും ചേർത്ത് ആകെ 180000 രൂപയാണ് അടങ്കൽ. എന്നാൽ സുലേഖ പത്രിക പ്രകാരം പഞ്ചായത്തു വിഹിതം 162000 രൂ മാത്രമേ ചെലവഴിച്ചിട്ടുള്ളു.
2.ഗുണഭോക്തൃവിഹിതമായി ആകെ എത്ര തുക പിരിച്ചുവെന്നോ, ടി തുക ചെലവഴിക്കാത്തതിന്റെ കാരണമോ വ്യക്തമല്ല.
3.യൂണിറ്റുകൾ എത്ര എണ്ണം വാങ്ങി, ഏതു സ്ഥാപനത്തിൽ നിന്ന് വാങ്ങി എന്നീ വിവരങ്ങൾ ലഭ്യമല്ല.
4.യൂണിറ്റുകൾ വിതരണം ചെയ്ത സ്ഥാപനവുമായി ഉള്ള എഗ്രിമെന്റ്, വാങ്ങിയ യൂണിറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതതിന്റെയും വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല.
5.തുക ചെലവഴിച്ചപ്പോൾ പഞ്ചായത്തു വിഹിതം 162000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ആനുപാതികമായ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.
മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.62 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 162000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 1-44 വെള്ളക്കരം-ബില്ലുകളിൽ പൊരുത്തക്കേട്

ഗ്രാമപഞ്ചായത്ത് പ്രതിമാസം 118070 രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 257 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ചില ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റു ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2021 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം, Closing Balance As On 30/3/21, 837741- രൂപയും, Demand For The Month 118070 രൂപയും, ഫൈൻ 16433രൂപയും ചേർത്ത് ആകെ Amount Payable 972244 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 118070രൂ. തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. 2021 മാർച്ച മാസത്തെ ബിൽ പ്രകാരം, Closing Balance As On 28/2/21 – 821665 രൂപയും, Demand For The Month 112438 രൂപയും, ചേർത്ത് ആകെ Amount Payable 950179 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ഗ്രാമപഞ്ചായത്ത്, തൻമാസ തുകയായ 112438 രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന 20/12/21 നടത്തിയതിൽ 342 ടാപ്പുകൾ ഉണ്ടെന്നു കണ്ടെത്തിയതായി ഓഡിറ്റ് എൻക്വയറി നം. 7ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കരം സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-45 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി -പ്രവർത്തനം സജീവമല്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ (2021-22) 13.4.21, 9.6.21, 19.2.22 എന്നീ തീയതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ് ( സ.ഉ.(സാധാ) 553/2019/ ത.സ്വ.ഭ.വ. തി. 07.03.2019 ഖ. 2.9.2).

എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-46 പാലിയേറ്റീവ് കെയർ വാഹന ഉപയോഗത്തിൽ കണ്ടെത്തിയ അപാകതകൾ

1) ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ
പി എച്ച് സി യിലെ ആംബുലൻസ് (KL 01 CF 2676) വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

A. പാലിയേറ്റീവ് കെയറിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ വാഹനം ഉപയോഗിച്ചതിന്റെയും, ഇന്ധനം നിറച്ചത് സംബന്ധിച്ചുമുള്ള മാസാന്ത്യ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

B. ഇന്ധന ക്ഷമതാ പരിശോധനാ റിപ്പാർട്ട്, വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) വൗച്ചർ നം.37/21-22 (C.B No.10/21-22) പ്രകാരം Salary Arrear To Palliative Driver എന്ന ഇനത്തിന് 22340/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-47 വാഹന വാടക - ആദായനികുതി ഈടാക്കിയിട്ടില്ല

പാലിയേറ്റീവ് കെയർ പരിപാടിയുടെ ഭാഗമായി ഭവന സന്ദർശനം നടത്തിയതിന് ദിവസവേതനത്തിൽ വാഹനം (KL-02-Q-1892) ഓടിയവകയിൽ വാടക ഇനത്തിൽ 157 ദിവസത്തിന് പ്രതിദിനം 1000/- രൂപ നിരക്കിൽ ആകെ 157000/- രൂപ കരാറുകാരനായ ശ്രീ.അഭിജിത്തിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ അധികരിക്കുന്ന എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 35/21-22 /25.3.21 | 16000 |
| 45/21-22 /3.5.21 | 16000 |
| 46/21-22 /4.6.21 | 13000 |
| 47/21-22 /2.7.21 | 16000 |
| 18/21-22 /2.8.21 | 16000 |
| 36/21-22 /2.9.21 | 16000 |
| 18/21-22 /1.10.21 | 16000 |
| 36/21-22 /1.11.21 | 16000 |
| 18/21-22 /1.12.21 | 16000 |
| 18/21-22 /3.1.22 | 16000 |

## 1-48 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ- 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 131 |
| പ്രോജക്ടിന്റെ പേര് | ലൈഫ്-ഭൂരഹിതർക്കു ഭൂമി വാങ്ങൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | പൊതു വിഭാഗം സാധാരണ വിഹിതം – 20,00,000/- രൂപ |
| ചെലവ് | 20,00,000/- രൂപ |
| ബിൽ നം | 196/2-12-21 |

ഗ്രാമപഞ്ചായത്തിലെ ഭൂരഹിതർക്ക് ഭൂമി വാങ്ങാൻ ആദ്യം 200000 രൂപ വീതം നൽകാനും,തുടർന്ന് ടി ഭൂമിയിൽ വീടു വയ്ക്കാൻ 400000 രൂപ വീതം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. ആകെ 10 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ടി പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇപ്രകാരം ഭൂമി വാങ്ങിയതായി ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രീമതി അമീന, റിയാസ് മൽസിൽ, (വാർഡ്-3), ശ്രീമതി.മഞ്ജു, ആശാരി വിളാകം, നമ്പ്യാർകുളം എന്നീ ഗുണഭോക്താക്കളുടെ ഫയലിൽ ടി വ്യക്തികൾ ഭൂമി വാങ്ങിയതിന്റെ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ പകർപ്പ് ലഭ്യമല്ല. ശ്രീമതി അമീനക്ക് ഭൂമി വില്പന നടത്തിയത്, ശ്രീ.രാജേന്ദ്രൻ നായർ എന്ന വ്യക്തിയാണ്. ആധാരത്തിന്റെ ഒരു DTP പകർപ്പ് മാത്രമേ ഫയലിൽ ഉള്ളൂ. ശ്രീമതി.മഞ്ജുവിന് ഭൂമി നല്കിയത് ശ്രീമതി.ഐഷാബീവി എന്ന വ്യക്തിയാണ്. ടി ഫയലിൽ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ പകർപ്പ് ലഭ്യമല്ല.ടി വ്യക്തികൾ ഭൂമി വാങ്ങിയതിന് തെളിവ് ഇല്ലാത്തതിനാൽ 400000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 1-49 പാഥേയം പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.-892800 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 5 | 17 |
| പ്രോജക്ടിന്റെ പേര് | പാഥേയം (ജനറൽ) | പാഥേയം (SCP) |
| നിർവഹണം | അസി.സെക്രട്ടറി | അസി.സെക്രട്ടറി |
| അടങ്കൽ | 299520/- വികസന ഫണ്ട് 749280/- ജില്ലാപഞ്ചായത്ത് | 593280/- വികസന ഫണ്ട് ജനറൽ 889920/- ജില്ലാപഞ്ചായത്ത് വിഹിതം |
| ചെലവ് | 299520/- | 593280/- |
| ബിൽ നം | 122/20-10-21 | 123/20-10-21 |

ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.
2) പാഥേയം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അനർഹർ കടന്നു കൂടിയിട്ടുള്ളതിനാൽ ആയതു പരിശോധിക്കാനും, തുടർനടപടി സ്വീകരിക്കാനും, 05/10/21 ലെ തീരുമാനം 10-1 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവ് തുക 8,92,800/- തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യത ആയി മാറുന്നതാണ്.

## 1-50 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-650000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0028/2021-22 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(scp) |
| അടങ്കൽ | 3,00,000 ( 150000 വികസന ഫണ്ട് എസ്.സി.പി, 150000 മറ്റുള്ളവ) |
| ചെലവ് | 150000 ( വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 18/21-22 തീയതി 22/12/2021 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

(1) മേൽ പദ്ധതി പ്രകാരം നാലു മുതൽ ആറു മാസം പ്രായമുള്ള കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിനു ശേഷം മാസം തോറും കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി 150000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് 22.12.21 ൽ കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0026/2021-22 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (General) |
| അടങ്കൽ | 10,00,000 ( 500000 വികസന ഫണ്ട് ജനറൽ, 500000 മറ്റുള്ളവ) |
| ചെലവ് | 500000 ( വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 3/21-22 തീയതി 8/10/2021 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

(2) മേൽ പദ്ധതി പ്രകാരം നാലു മുതൽ ആറു മാസം പ്രായമുള്ള കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിനു ശേഷം മാസം തോറും കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി 500000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് ചുവടെ സൂചിപ്പിക്കുന്ന രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല

- പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം
- മോണിറ്ററിങ് സമിതിയുടെ റിപ്പോർട്ട്.

പ്രസ്തുത രേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.59 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-51 സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0044/2021-22 |
| പ്രോജക്റ്റിന്റെ പേര് | മൃഗാശുപത്രിയുടെ കണ്ടിജന്റ് ചെലവ് അടവാക്കൽ |
| അടങ്കൽ | 30,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 26288 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നമ്പർ (ബിൽ ബുക്ക് പ്രകാരം) | 01/2021-22 തീയതി 06.07.2021 തുക 4700/-<br>02/2021-22 തീയതി 08.09.2021 തുക 6459/-<br>17/2021-22 തീയതി 22.12.2021 തുക 7424/-<br>22/2021-22 തീയതി 22.02.2022 തുക 4054/-<br>24/2021-22 തീയതി 22.03.2022 തുക 3651/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വിവിധ ഇൻവോയ്സുകൾ പ്രകാരം മൃഗാശുപത്രിയിലേയ്ക്ക് വാങ്ങിയ ചുവടെ ചേർക്കുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക | സാധനങ്ങളുടെ വിവരം |
|---|---|---|---|
| 1 | 1487/21.07.2021 | 440 | Plastic Containers For Keeping Medicine |
| 2 | G.41958/21.07.2021 | 1006 | Cleaning Equipments |
| 3 | 486/07.08.2021 | 170 | LED Bulbs |
| 4 | R-3731 / 08.09.2021 | 150 | 9W LED Bulb |
| 5 | B2C/1435/06.11.2021 | 375 | My Clear Bag, Tag, Dot Pen |
| 6 | IE405 /12.02.2022 | 821 | Towel, Textile Fabrics, Door Mat Furnishings |
| 7 | IE475/12.03.2022 | 1132 | Window Furnishings |
| 8 | 1108/15.03.2022 | 360 | Pipe Sole |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.72 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-52 അങ്കണവാടി പോഷകാഹാരം - മതിയായ ഫണ്ട് വകയിരുത്തുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0014/2021-22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം 2021-22 |
| അടങ്കൽ | 2900000/-<br>(1600000/- - ധനകാര്യ കമ്മീഷൻ അവാർഡ്<br>800000/- കേന്ദ്രാവിഷ്കൃത ഫണ്ട്<br>500000/- തനത് ഫണ്ട്) |
| ചെലവ് | 2899084/-<br>(1599084 /- ധനകാര്യ കമ്മീഷൻ അവാർഡ്<br>800000/- കേന്ദ്രാവിഷ്കൃത ഫണ്ട്<br>500000/- തനത് ഫണ്ട്) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അനുപൂരക പോഷക ആഹാരത്തിനായി മേൽ പദ്ധതി പ്രകാരം ആകെ വകയിരുത്തിയ അടങ്കൽ തുക 29,00,000/- രൂപയാണ്. 2018-19 ലെ ഫണ്ട് തികയാത്തതിനാൽ 2019-20 വർഷത്തെ ഫണ്ടിൽ നിന്നും 78669/- രൂപയും, 2019-20 കാലയളവിലെ ഫണ്ട് തികയാത്തതിനാൽ 2020-21 വർഷത്തെ ഫണ്ടിൽ നിന്നും 9,47,750/-രൂപയും, 2020-21 കാലയളവിലെ ഫണ്ട് തികയാത്തതിനാൽ 2021-22-ലെ ഫണ്ടിൽ നിന്നും 12,29,594/- രൂപയും മാറി നൽകിയിട്ടുണ്ട്. പ്രോജക്ട് റിവൈസ് ചെയ്യുകയോ സ്പിൽ ഓവറായി പൂർത്തീകരിക്കുകയോ ചെയ്യാതെ ഇത്തരത്തിൽ മുൻ വർഷങ്ങളിലെ ബില്ലുകൾ തൻവർഷത്തെ ഫണ്ടിൽ നിന്നും മാറിനൽകുകയാണ് ചെയ്യുന്നത്. ഫണ്ടിന്റെ ആവശ്യകത പരിഗണിച്ച് പ്രോജക്ടിന് തുക വകയിരുത്തി പ്രസ്തുത അപാകത പരിഹരിക്കേണ്ടതാണ്. ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ ട്രഷറി അക്കൗണ്ടിൽ നിന്നും അംഗീകൃത പ്രോജക്ടുകൾ വഴി ചെലവഴിക്കേണ്ടതാണ്. നിലവിൽ ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.73 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ഉടൻ ലഭ്യമാക്കേണ്ടതാണ്.

## 1-53 ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1.പഞ്ചായത്ത് ഓഫീസ് പരിസരത്ത് വർഷങ്ങളായി ഉപയോഗിക്കാത്ത ഒരു ബയോഗ്യാസ് പ്ലാന്റ് സൂക്ഷിച്ചിരിക്കുന്നു. കൂടാതെ ഷെഡിലും, സമീപത്തുള്ള പഴയ കെട്ടിടത്തിന്റെ പിറകിലും ഫർണിച്ചർ (തടി ഉരുപ്പടികൾ ഉൾപ്പെടെ), കതക്, ജനൽ , ഇരുമ്പ് അലമാര, ഗേറ്റ്, മറ്റ് ഉപയോഗശൂന്യമായ വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നു.
2.മൃഗാശുപത്രിയുടെ മതിൽ പുതുക്കി പണിഞ്ഞപ്പോൾ ഇളക്കി മാറ്റിയ പഴയ ഗേറ്റ്,മൃഗാശുപത്രിപരിസരത്ത് സൂക്ഷിച്ചിരിക്കുന്നു.
ടി വസ്തുക്കൾ ലേലം ചെയ്യാൻ സർക്കാർ ഉത്തരവ് നം. ബി1/85/2020/SPD തീയതി 6/7/21 പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50) ടി വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-54 താത്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കണം.

ചെക്ക് നം. 5997757/2-9-21 പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ക്ലാർക്ക് ശ്രീമതി ശാന്തിനിക്ക് 2021 ആഗസ്റ്റ് മാസത്തെ വേതനമായി 12835 രൂപയും ഓഫീസ് അസിസ്റ്റന്റ് ശ്രീമതി അശ്വതിക്ക് 10800 രൂപയും നല്കിയിട്ടുണ്ട്. ടി തസ്തികകൾ അംഗീകൃത ഒഴിവുകളാണെന്നും, PSC നിയമനത്തിനായി ഒഴിവുകൾ റിപ്പോർട്ടു ചെയ്തെങ്കിലും നാളിതു വരെ നിയമനം നടക്കാത്ത സാഹചര്യത്തിലാണ് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയത് എന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികളുടെ നിയമനം 5-2-14 ലെ 25941/G2/2013/LBR നം. സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നടത്തിയിട്ടുള്ളത്. താല്ക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 323000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 323000 | 0 |
| | | 0 | 80000 | ലൈഫ് ജനറൽ (സ്റ്റിൽ ഓവർ) | 80000 | 0 |
| | | 0 | 465000 | ലൈഫ് ജനറൽ | 465000 | 0 |
| | | 0 | 527250 | സ്നേഹ സ്പർശം-മാനസിക വെല്ലുവിളി | 527250 | 0 |
| | | 0 | 430000 | ലൈഫ് എസ്.സി.പി (സ്റ്റിൽ ഓവർ) | 430000 | 0 |
| | | 0 | 1120000 | ലൈഫ് എസ്.സി.പി | 1120000 | 0 |
| | | 0 | 788827 | ക്ഷീര സമൃദ്ധി | 788827 | 0 |
| | | 1798838 | - | തിരികെ ഒടുക്കിയത് | 51200 | 1747638 |
| ആകെ | | 1798838 | 3734077 | | 3785277 | 1747638 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 323000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 323000 | 0 |
| | | 0 | 1885000 | ലൈഫ് ജനറൽ | 1885000 | 0 |
| | | 0 | 527250 | സ്നേഹ സ്പർശം-മാനസിക വെല്ലുവിളി | 527250 | 0 |
| | | 0 | 560000 | ലൈഫ് എസ്.സി.പി | 560000 | 0 |
| | | 0 | 55000 | ക്ഷീര സമൃദ്ധി | 55000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 57830 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 57830 |
| ആകെ | | 57830 | 3350250 | | 3350250 | 57830 |
| മുനിസിപ്പൽ കോർപ്പറേഷൻ | | 0 | 1700000 | ടേക്ക് എ ബ്രേക്ക് | 0 | 1700000 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-30 + പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1798838 | 3734077 | 5532915 | 3785277 | 1747638 | 1747638 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 57830 | 3350250 | 3408080 | 3350250 | 57830 | 57830 |
| മുനിസിപ്പൽ കോർപ്പറേഷൻ | 0 | 1700000 | 1700000 | 0 | 1700000 | 1700000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 2140500 | ഇല്ല | - | - | - | - | 2140500 |
| കെ.എസ്.ഇ.ബി | 2309766 | ഇല്ല | - | - | - | - | 2309766 |

| | 2020-21 B-18 , ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-49 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2140500 | - | 2140500 | - | 2140500 | 2140500 |
| കെ.എസ്.ഇ.ബി | 2309766 | - | 2309766 | - | 2309766 | 2309766 |

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 1837115/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല. മുൻകൂർ ഹെഡിൽ ടി ചെലവ് ബുക്ക് ചെയ്യാത്തതിനാൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

1) പ്രോജക്ട് നം. 163/22 ൽ ഉൾപ്പെടുത്തി പൊതുശ്മശാനം ആധുനികവത്ക്കരണത്തിന് ജില്ലാപഞ്ചായത്തിന് 7,00,000/- രൂപ വിഹിതം നൽകിയിട്ടുണ്ട്.

2) DPC കെട്ടിടനിർമ്മാണത്തിന് ജില്ലാ ആസൂത്രണ സമിതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 5,00,000/- രൂപ (പ്രോജക്ട് നം. 4/22) കൈമാറിയിട്ടുണ്ട്. ഇവയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | ലഭ്യമാക്കിയില്ല | *79860 | - | - | *79860 |
| KURDFC | 289/എൽ.എം.സി.എ1- കെ.യു.ആർ.ഡി. എഫ്.സി/2018 തീയതി 04.01.2019 | 30956751 | 1100000 | 2904000** | 29152751 |

*ബാലൻസ് ഷീറ്റ് പ്രകാരമുള്ള തിരിച്ചടവ് തുക. ബാങ്കിൽ അധികമായി തുക ഒടുക്കിയിട്ടുണ്ട്. (2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്)

**സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 1466667/-

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട്/ വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ല ഉദ്യോഗപ്പേരും | രസീത് നം/തീ |
|---|---|---|---|---|---|
| 1 | 2018-19 | 3-1 | 5692/- | ശ്രീമതി മേരി ജിഷ, അസി.എഞ്ചിനീയർ | 49900001/05.09.2021 |
| 2 | 2009-10 | 2-1(A) | 250/- | പ്രമോദ് കുമാർ | 1210103646/05.01.2021 |
| 3 | 2009-10 | 2-1(A) | 250/- | അവിനാഷ് കുമാർ | 1210103647/05.01.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 192,83,254 |
| ഓഡിറ്റ് വർഷത്തെ വരവ് | 991,16,335 |
| ആകെ | 11,83,99,589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 888,43,512 |
| നീക്കിയിരിപ്പ് | 295,56,077 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,04,800 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 12,00,000 | ശ്രീ അശോക്.സി, സെക്രട്ടറി |
| 1-43 | 1,62,000 | ശ്രീ. അരുൺ നിഗ്ലി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 |
| 1-48 | 4,00,000 | ശ്രീ. അരുൺ നിഗ്ലി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 |
| 1-49 | 8,92,800 | ശ്രീ.കൃഷ്ണദത്ത്,അസി.സെക്രട്ടറി |
| 1-50 | 6,50,000 | ഡോ.തങ്കമണി,വെറ്ററിനറി സർജൻ |
| ആകെ | 33,04,800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കൃഷ്ണദത്ത്,<br>അസി.സെക്രട്ടറി | സീനിയർ സൂപ്രണ്ട്<br>ഡിപിഓ, പൈനാവ്<br>ഇടുക്കി | പട്ടറത്ത് വീട്<br>അരശ്ശൂമൂട്<br>കളത്തൂർ |
| ശ്രീ. അരുൺ നിഗ്ലി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | അരുണോദയം,<br>ജി.സി. നഗർ,<br>പേരൂർക്കട |
| ഡോ.തങ്കമണി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, | കറുകപ്പിള്ളി ഹൗസ്<br>മുക്കോല.പി.ഓ<br>നാലാഞ്ചിറ<br>695043 |

| | | |
|---|---|---|
| ശ്രീ.അശോക്.സി, സെക്രട്ടറി | - | ദ്വാരക,കടുമ്പന്നൂർ<br>നേമം.പി.ഓ<br>പ്രാവച്ചമ്പലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 3 | 2-1(ബി), 3-7(എ,ബി), 3-13 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 9 | 2-2, 2-3, 3-2, 3-3, 3-6, 3-7, 3-8, 3-11, 3-12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 2 | 2-6, 3-6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 14 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 5 | 2-1, 3-1, 3-2, 3-4, 3-6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 2 | 3-4, 3-6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 2194/19, തീയതി 07.12.2019 | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/ 222/2020, തീയതി.20.10.2020 | 54 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എംജി.പി.11/1725/2021, തീയതി 08.02.2022 | 35 | |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/451/22 തീയതി 11.05.2022 | 51 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ. ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്